# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.20 | No.9 | കാർത്തികപ്പള്ളി | R.No. 7361/02 | 2020 SEPTEMBER

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## സ്റ്റക്ക് ആയിപ്പോയ സ്റ്റക്കി

ശരാശരി 10 മുതൽ 12 വർഷം വരെയാണ് ഒരു നായയുടെ ആയുസ്... അതു കഴിയുമ്പോൾ ചാകും... ഏതാനും ദിവസം കഴിയുമ്പോൾ അതെല്ലാവരും മറക്കും... എന്നാൽ, ഇവിടെ ഒരു നായ ചത്ത് അറുപതു വർഷം കഴിഞ്ഞിട്ടും 'മരിച്ചിട്ടില്ല!' കേട്ടിട്ട് അതിശയം തോന്നുന്നുവോ? അറുപതിലേറെ വർഷമായി ഒരു ചെസ്നട്ട് ഓക്ക് മരം വീടാക്കിയ സ്റ്റക്കി എന്ന നായ മരിച്ചിട്ടും മരിക്കാതെ ജീവിക്കുന്നു.



സ്റ്റക്കി ലോകത്തുനിന്ന് വിടപറഞ്ഞിട്ട് ആറു പതിറ്റാണ്ടായി. അമേരിക്കയിൽ ജോർജിയയിലെ വേക്രോസ് നഗരത്തിലെ സതേൺ ഫോറസ്റ്റ് വേൾഡ് മ്യൂസിയം ആൻഡ് എൻവയോൺമെന്റ് സെന്ററിലാണ് സ്റ്റക്കി ഇന്ന്. തന്റെ ജീവൻ പോകുന്ന സമയത്ത് എങ്ങനെ ആയിരുന്നോ അങ്ങനെതന്നെ മ്യൂസിയത്തിൽ ഇരിക്കുകയാണ്. കാണുന്നവർക്ക് എന്നും വിസ്മയമായി. അതോടൊപ്പം ഇത്രയും കാലം ഈ നായയുടെ ജഡം എങ്ങിനെ നശിക്കാതെ നിലകൊണ്ടു എന്ന അത്ഭുതവും.

കാടിനുള്ളിൽ ആയിട്ടും വർഷങ്ങൾക്കുശേഷം ജഡം കണ്ടുകിട്ടുമ്പോഴും നായയുടെ ശരീരത്തിന് ഒരു പോറൽപോലും ഏറ്റിരുന്നില്ല. ഇതിനെക്കുറിച്ചു ഗവേഷകർ പഠനം നടത്തി. അവർ കണ്ടെത്തിയ രഹസ്യം ഇങ്ങനെ:

ഓക്ക് മരങ്ങളിൽ അടങ്ങിയിരിക്കുന്ന ടാനിക് ആസിഡ് നായയുടെ ശരീരത്തിലെ ഈർപ്പത്തെ വലിച്ചെടുത്ത് ഉണക്കി സൂക്ഷിച്ചു. ഇതിനൊപ്പം ഊഷ്മാവ് കുറഞ്ഞ അന്തരീക്ഷമടക്കമുള്ള അനുകൂല സാഹചര്യങ്ങൾ ഒത്തുവന്നതു സ്റ്റക്കിയുടെ ശരീരത്തെ കട്ടിയുള്ളതാക്കി 'നാച്യുറൽ മമ്മിഫിക്കേഷൻ' എന്ന അവസ്ഥയിൽ എത്തിച്ചു. സംഗതി എന്തൊക്കെയാണെങ്കിലും സ്റ്റക്കി അന്നും ഇന്നും മ്യൂസിയത്തിലും അതുപോലെ സാമൂഹ്യമാധ്യമങ്ങളിലും ജീവനോടെ നിലനിൽക്കുന്നു.

## നദി കാണാതായി



ഏതാനും മണിക്കൂർ ഒരു നദിയെ കാണാതായി! ആളുകളും വസ്തുക്കളുമൊക്കെ കാണാതായതിനെപ്പറ്റി നമ്മൾ കേട്ടിട്ടുണ്ട്. പക്ഷേ ഒരു നദിയെ കാണാതായാലോ? അതും കിലോമീറ്ററുകളോളം നീളംവരുന്ന, കുതിച്ചൊഴുകിയിരുന്ന ഒരു നദി? കാനഡയിലാണ് അതിവിചിത്രമായൊരു സംഭവം നടന്നത്. കാനഡയിലെ വടക്കുപടിഞ്ഞാറൻ പ്രദേശമായ യുക്കോണിലൂടെ കഴിഞ്ഞ 300 വർഷമായി ഒഴുകിക്കൊണ്ടിരുന്ന സ്ലിംസ് നദിയാണ് ഒരു ദിവസം അപ്രത്യക്ഷമായത്.

2017-ന്റെ ആരംഭത്തിൽ സ്ലിംസ് നദീതടത്തിലേക്കു പര്യവേഷണത്തിനായി എത്തിയ ടക്കോമ സർവകലാശാലയിലെ ജിയോളജിസ്റ്റുകളുടെ ഒരു സംഘമാണ് നദി അപ്രത്യക്ഷമായ വിവരം പുറംലോകത്തെ അറിയിക്കുന്നത്. 'റിവർ പൈറസി' അല്ലെങ്കിൽ 'സ്ട്രീം ക്യാപ്ചർ' എന്നറിയപ്പെടുന്ന പ്രതിഭാസമാണ് സ്ലിംസ് നദിയുടെ അന്ത്യത്തിനു കാരണമായത്.

## ഈ മമ്മി മനുഷ്യനല്ല



ഈജിപ്തിലെ പിരമിഡുകളും അതിനുള്ളിലെ മമ്മികളെക്കുറിച്ചും എത്രയെത്ര കഥകളാണ് നാം കേട്ടിട്ടുള്ളത്. ആ കഥകൾ ചിലരുടെയെങ്കിലും ഉറക്കവും നഷ്ടപ്പെടുത്തിയിട്ടുണ്ടാകും. ഇപ്പോൾ പുറത്തുവരുന്നതും അത്തരത്തിലുള്ള ഒരു സംഭവമാണ്. ഇസ്രയേൽ ഗവേഷകരാണ് ഒരു മമ്മിയുടെ രഹസ്യം പുറത്തുവിട്ടിരിക്കുന്നത്. ഈ മമ്മിയെ വർഷങ്ങൾക്ക് മുമ്പ് ഈജിപ്തിൽ നിന്ന് ഇസ്രയേലിൽ എത്തിച്ചതാണ്. ഒരു കുട്ടി മമ്മിയെന്നാണ് ഗവേഷകർ ഇത്രയും വർഷം ഇതിനെ കണ്ടിരുന്നത്. കാരണം ആ മമ്മിക്ക് ഒരു കുട്ടിയുടെ വലിപ്പമേ ഉണ്ടായിരുന്നുള്ളു.


ഇസ്രയേലിലെ നാഷണൽ മാരിടൈം മ്യൂസിയത്തിലെ പ്രധാന ആകർഷണങ്ങളിലൊന്നായിരുന്നു ആ കുട്ടി മമ്മി. എന്നാൽ ഹൈഫയിലെ ഒരു ആശുപത്രിയിൽ ഗവേഷകർ നടത്തിയ സി.ടി സ്കാനിംഗിൽ ഈ മമ്മി മനുഷ്യൻ പോലുമല്ലെന്നാണ് ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. മണലും ചെളിയും ബാർലിപ്പൊടിയും കുഴച്ച് നിർമ്മിച്ച ഒരു മനുഷ്യരൂപമാണത്രേ അത്.

മരണത്തിന്റെ ദേവനായ ഒസിരിസിനെ പ്രതീകാത്മകമായി നിർമ്മിച്ചതാണ് ഇതെന്നാണ് ഹൈഫയിലെ മ്യൂസിയം രജിസ്ട്രാർ റോൺ ഹില്ലേൽ പറയുന്നത്. ധാന്യത്തിൽ നിന്ന് നിർമ്മിക്കുന്നതിനാൽ ഇവയ്ക്ക് കോൺ മമ്മി എന്നും ഗ്രെയ്ൻ മമ്മി എന്നും പേരുണ്ടെന്നും ഇദ്ദേഹം പറയുന്നു. പുരാതന ഈജിപ്തിൽ പാതാളത്തിന്റെയും മരണത്തിന്റെയും ദൈവമായിരുന്നു ഒസിരിസ്.

മറ്റൊരു മമ്മിയിലും സമാനമായ നിരീക്ഷണം നടത്തി, അതൊരു ഫാൽക്കൻ പക്ഷിയുടേതാണെന്നു കണ്ടെത്തുകയും ചെയ്തു. ഹോറസ് ദേവന്റെ പ്രതിരൂപമായിട്ടാണ് ഇതിനെ നിർമ്മിച്ചതെന്നാണ് ഗവേഷകർ കരുതുന്നത്. അധികാരത്തിന്റെയും ആകാശത്തിന്റെയും ദേവനാണ് ഹോറസ്. ഏകദേശം 2000-3000 വർഷം പഴക്കമുള്ളതാണ് രണ്ടു മമ്മികളും. പക്ഷേ ഇവ എവിടെനിന്നു വന്നതാണെന്നതിന്റെ രേഖകൾ ഇതുവരെ ലഭിച്ചിട്ടില്ല. സാധാരണ സി.ടി.സ്കാനിൽ നിന്നു മാറി ഡ്യുവൽ എനർജി സി.ടി.സ്കാൻ എന്ന സാങ്കാതികതയിലൂടെയായിരുന്നു രണ്ടു മമ്മികളുടെയും രഹസ്യം ഗവേഷകർ കണ്ടെത്തിയത്.

## മൈക്രോചിപ്പ് പ്രൊട്ടക്ഷൻ ആക്ട്

കമ്പനികൾ സ്വന്തം ജീവിനക്കാരുടെ ശരീരത്തിനുള്ളിൽ നിർബന്ധമായി മൈക്രോചിപ്പ് ഘടിപ്പിക്കുന്നിതിനെതിരെ മിഷിഗൻ ജനപ്രതിനിധി സഭയിൽ നിയമം അവതരിപ്പിച്ചു. മൈക്രോചിപ്പ് പ്രൊട്ടക്ഷൻ ആക്ട് എന്ന് പേരിട്ടിരിക്കുന്ന നിയമം അനുസരിച്ച് മൈക്രോചിപ്പുകൾ ജീവനക്കാരുടെ ശരീരത്തിൽ ഘടിപ്പിക്കുന്നതിന് നിരോധനമില്ല. എന്നാൽ, നിർബന്ധപൂർവ്വം ഒരു ജീവനക്കാരന്റെ ശരീരത്തിലും മൈക്രോചിപ്പ് ഘടിപ്പിക്കരുതെന്നാണ് നിയമം പറയുന്നത്. ഈ സാങ്കേതിക വിദ്യ നേരത്തെയുണ്ടെങ്കിലും ഇപ്പോഴും മൈക്രോചിപ്പുകൾ ശരീരത്തിൽ പിടിപ്പിക്കുന്നത് ലോകത്തെവിടെയും വ്യാപകമല്ല. അമേരിക്കയിലെ പത്തോളം സംസ്ഥാനങ്ങൾ ജീവനക്കാരുടെ ശരീരത്തിൽ മൈക്രോചിപ്പ് ഘടിപ്പിക്കുന്നതിനെതിരെ ഇപ്പോൾ തന്നെ നിയമം പാസാക്കിയിട്ടുണ്ട്. അർകൻ സാസ്, കാലിഫോർണിയ, മിസൗറി, മോന്റാന, നെവാദ, ന്യൂ ഹാംഷെയർ, നോർത്ത് ഡക്കോറ്റ ഒക്‌ലഹാമ, എന്നീ അമേരിക്കൻ സംസ്ഥാനങ്ങളിലാണ് നിലവിൽ നിരോധനമുള്ളത്.



## ഭീമൻ കുടുംബം



കൂടുമ്പോൾ ഇമ്പമുള്ളതാകണം കുടുംബം എന്നാണ് പറയുന്നത്. പക്ഷെ പലർക്കും ഇന്ന് കുടുംബജീവിതം എങ്ങനെ മുന്നോട്ട് കൊണ്ടുപോകണമെന്ന് അറിയില്ല. ഫലമോ, വിവാഹമോചന കേസുകൾ വർദ്ധിക്കുന്നു. എന്നാൽ ഇതിനെല്ലാം ഒരു അപവാദമാണ് മിസോറാമിലുള്ള സയോണ ചാന എന്ന അറുപത്താറുകാരൻ. കാരണം മുപ്പത്തിയൊൻപത് കെട്ടിയ സയോണ അവരെയെല്ലാം ഒരു കൂരക്കീഴിൽ ഒരുമിച്ച് കൊണ്ടുപോകുന്നുവെന്നതുതന്നെ. പതിനേഴാമത്തെ വയസിലായിരുന്നു ആദ്യവിവാഹം. പിന്നീട് അങ്ങോട്ട് വിവാഹങ്ങളുടെ കാലമായിരുന്നു. ഒരു വർഷം 10 വിവാഹം വരെ സയോണ ചെയ്തിട്ടുണ്ട്.

39 ഭാര്യമാരിലായി 94 മക്കളും അവർക്കെല്ലാമായി 33 പേരക്കുട്ടികളുമാണ് ഉള്ളത്. മിസോറാമിലെ ബാക്തവാങ് ഗ്രാമത്തിൽ ഒരു നാലുനിലകെട്ടിടത്തിൽ ഈ ഭീമൻ കുടുംബം ഒരുമിച്ച് താമസിക്കുന്നു. നൂറുമുറികളാണ് സയോണയുടെ വീടിനുള്ളത്.


## ദൈവവും നിത്യതയും

ദൈവം ഉണ്ടോ? കഷ്ടതകൾക്ക് കാരണക്കാരൻ ദൈവമോ?... തുടങ്ങി ദൈവം മുതൽ നിത്യത വരെയുള്ള വിഷയങ്ങളിൽ സാധാരണക്കാർക്ക് ഉണ്ടാകുന്ന സംശയങ്ങൾക്ക് പ്രശസ്ത ക്രിസ്തീയ ഗ്രന്ഥകാരൻ ടി. എം. വർഗ്ഗീസ് ഓതറ ലളിതമായ ഭാഷയിൽ മറുപടി നൽകുന്നു. സത്യം ഏവരും അറിയണം എന്ന താൽപര്യത്തിൽ 80 രൂപാ വിലയുള്ള ഗ്രന്ഥം സൗജന്യമായി നൽകുന്നു. ഡിജിറ്റൽ കോപ്പിയും ലഭ്യമാണ്.

വേദാഭിമാനി
കേരള – 690516

vedabhimani@gmail.com
life.track@yahoo.com
9847232598






| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# വാണിജ്യവത്ക്കരിക്കപ്പെട്ട ആത്മീയത

**“ദൈ**വം തന്റെ വഴികൾ മോശയെയും തന്റെ പ്രവൃത്തികൾ യിസ്രായേൽ മക്കളെയും അറിയിച്ചു” (സങ്കീ.103:7). “ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവൻ” (യോഹ.17:3).

അത്ഭുതപ്രവൃത്തികൾ ഉൾപ്പെടെയുള്ള ദൈവത്തിന്റെ പ്രവൃത്തികളെ കണ്ടു മനസ്സിലാക്കുന്നതും ദൈവത്തിന്റെ വഴികളെ ഗ്രഹിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. മിക്ക ക്രിസ്ത്യാനികളും ദൈവത്തിന്റെ പ്രവൃത്തികളെ മാത്രം ശ്രദ്ധിക്കുന്നവരാണ്. അവർക്ക് ബാഹ്യമായ അത്ഭുതങ്ങളിൽ മാത്രമാണു താല്പര്യം. അവർ രോഗസൗഖ്യം, മറ്റ് ഭൗതികാനുഗ്രഹങ്ങൾ എന്നിവയെ അന്വേഷിക്കുന്നവരാണ്. തങ്ങളുടെ ഭൗതിക കാര്യങ്ങളിൽ ദൈവം കൂടെ നിന്ന് തങ്ങൾക്കുവേണ്ടി പ്രവർത്തിക്കണമെന്ന നിലയിലാണ് അവരുടെ പ്രാർത്ഥനകൾ അധികവും. അവർ ആത്മീയമായി ശൈശവാവസ്ഥയിൽ മാത്രമാണെന്നാണ് ഇതു കാണിക്കുന്നത്.



ദൈവത്തെയും യേശുക്രിസ്തുവിനെയും അറിയുന്നതാണു നിത്യജീവനെന്നു ബൈബിൾ പറയുന്നു (യോഹ.17:3).

‘നിത്യജീവൻ’ എന്നുള്ളതുകൊണ്ടർത്ഥമാക്കുന്നത് ‘എന്നേക്കും ജീവിച്ചിരിക്കുക’ എന്നതല്ല ദൈവത്തിന്റെ ജീവൻ, അഥവാ ദൈവത്തിന്റെ സ്വഭാവം എന്ന അർത്ഥമാണ് അതിനുള്ളത്. എന്നേക്കുമുള്ള നിലനില്പ് എല്ലാവർക്കും തന്നെ ലഭ്യമാണ്; നരകത്തിൽ എത്തുന്നവർക്കും കൂടെ. യഥാർത്ഥത്തിൽ നിത്യജീവൻ ആസ്വദിക്കുന്നവർ വളരെ ചുരുക്കമാണ്. ദൈവത്തെ എത്രമാത്രം അറിഞ്ഞ് അനുഗമിക്കാൻ കഴിയുന്നുവോ അത്രമാത്രം നിത്യജീവനെയും നമുക്ക് സ്വായത്തമാക്കാൻ കഴിയും.


മോശയുടെ കാലത്ത്, മോശെയ്ക്കുമാത്രമേ ദൈവത്തിന്റെ വഴികളെ അറിയാൻ കഴിഞ്ഞിരുന്നുള്ളൂ. എന്നാൽ ഇന്ന് പുതിയ ഉടമ്പടിയുടെ കീഴിൽ നമുക്കെല്ലാവർക്കും തന്നെ അതു സാദ്ധ്യമാണ്. എങ്കിലും വളരെക്കുറച്ചു പേർ മാത്രമേ ദൈവത്തിന്റ വഴികളെ അറിയുന്നുള്ളൂ. കാരണം അധികം ആളുകളും ദൈവത്തിന്റെ ബാഹ്യമായ പ്രവൃത്തികളെ മാത്രം ശ്രദ്ധിക്കുന്നവരാണ്. അതുകൊണ്ട് രോഗസൗഖ്യമോ, ഒരു വീടോ, ജീവിതപങ്കാളിയെയോ, ഒരു നല്ല ഉദ്യോഗമോ ഒക്കെ ലഭ്യമാകുമ്പോൾ അവർ വളരെ സന്തുഷ്ടരാവുകയും പെട്ടെന്ന് സാക്ഷ്യമായി അതു പ്രസ്താവിക്കുകയും ചെയ്യുന്നു. കാരണം തങ്ങളുടെ മനസ്സ് അവർ അതിലാണു വച്ചിരിക്കുന്നത്. അവരെ സംബന്ധിച്ച് അതുതന്നെ വലിയ കാര്യമാണ്.

എന്നാൽ നാം ഇതാണു വലുതായി കാണുന്നതെങ്കിൽ പുതിയ ഉടമ്പടിയുടെ മഹത്വം നാം കണ്ടിട്ടില്ല. ദൈവത്തെയും ദൈവവഴികളെയും അറിയുന്നതിലുപരി മറ്റൊന്നിലും, മനസ്സുവയ്ക്കാതിരിക്കുന്നതാണ് യഥാർത്ഥ ആത്മീയത. ഉദാഹരണത്തിന് ദൈവത്തെയും അവിടുത്തെ വഴികളെയും അറിയുന്നതിലൂടെ മാത്രമേ ലോകമയത്വം പോലെയുള്ള വിഷയങ്ങൾ നമുക്കു ഗ്രഹിക്കുവാൻ കഴിയൂ. റോമർ 12:2ൽ പറയുന്നത് ഒരു വ്യക്തിയുടെ ഉള്ളിൽ ലോകത്തിനനുരൂപമായ ഒരു മനസ്സുണ്ടാകുന്നതിനെക്കുറിച്ചാണ്. ദൈവഹിതത്തിന്റെ പൂർണ്ണത ഗ്രഹിക്കുവാൻ തക്കവണ്ണം നിരന്തരം പുതുക്കം പ്രാപിക്കേണ്ടതിന് ലോകത്തോടനുരൂപമാകുന്ന പ്രക്രിയയോടുള്ള എതിർപ്പ് മനസ്സിൽ സൂക്ഷിക്കുന്നതാണത്.

ലോകത്തോടനുരൂപപ്പെട്ട് മനുഷ്യരുടെ മുമ്പിൽ നല്ല സാക്ഷ്യത്തോടെ ജീവിച്ചുകൊണ്ട് ഒരു വ്യക്തിക്ക് ഹൃദയത്തിൽ തികഞ്ഞ ലൗകികനായി ജീവിക്കാൻ കഴിയും. ആത്മീയതയുടെ നിലവാരം ഗ്രഹിക്കുവാൻ നാം യേശുവിനെ അറിയണം. അവിടുത്തെ ജീവിതത്തിന്റെ വെളിച്ചത്തിൽ മാത്രമേ ലൗകികത എന്തെന്നു നമുക്കു തിരിച്ചറിയാൻ കഴിയൂ. ദൈവത്തെ അറിയാൻ മനസ്സു വയ്ക്കാതെ നീതിയെ അന്വേഷിച്ചതുകൊണ്ടാണ് പരീശന്മാർ സ്വന്തനീതിയിൽ ആശ്രയിക്കുന്നവരായിത്തീർന്നത്. എന്നാൽ ദൈവത്തെ അറിയാൻ നാം മനസ്സുവയ്ക്കുന്നു എങ്കിൽ നമ്മുടെ സ്വയനീതി എന്നചീത്തവൃക്ഷത്തെ വേരോടെ തന്നെ വെട്ടിമാറ്റുന്നതിലൂടെ മാത്രമേ നമ്മുടെ രക്ഷയ്ക്കുള്ള വഴി തുറക്കൂ എന്ന കാര്യം നാം കണ്ടെത്തും.

ഈ കാലഘട്ടത്തിൽ പ്രചാരമേറിക്കൊണ്ടിരിക്കുന്ന രോഗശാന്തിശുശ്രൂഷകളുടെ കാര്യം തന്നെ ചിന്തിക്കാം. എന്തും കണ്ണുമടച്ചു വിശ്വസിക്കുന്ന വിശ്വാസികളിൽ നിന്നും ലക്ഷക്കണക്കിനു രൂപയാണ് ഈ മഹായോഗങ്ങളുടെ പേരിൽ തട്ടുന്നത്. ഈ വാണിജ്യവൽക്കരിക്കപ്പെട്ട ക്രിസ്തീയതയിൽ ക്രിസ്തുവിന്റെ ആത്മാവിൽ നിന്നുള്ള ഒന്നുതന്നെയില്ല എന്നു തിരിച്ചറിയാൻ കഴിവുള്ളവിശ്വാസികൾ എത്രയോ വിരളമാണ്. യേശുവിനെ കൂടുതൽ അറിയുന്നതോടെ നാം ദൈവത്തിന്റെ ദാസൻ എന്ന് അവകാശപ്പെടുന്ന ഏതൊരു വ്യക്തിയെയും യേശുവിനോടു തന്നെ തുലനം ചെയ്തു നോക്കും. യേശുവിന്റെ ജീവന്റെ വെളിച്ചത്തിൽ യേശുക്രിസ്തുവിനും മേൽപ്പറഞ്ഞ അത്ഭുതദാസന്മാർക്കും തമ്മിൽ ഒരു സാമ്യവുമില്ലെന്നു കണ്ടെത്താൻ പ്രയാസമില്ല. നിങ്ങൾക്ക് യേശുവിനെ അറിയില്ലെങ്കിൽ ഇത്തരം യോഗങ്ങളിൽ നടക്കുന്ന പല കാര്യങ്ങളും നിങ്ങളെ അവസാനം വഞ്ചനയിലേക്കു നയിക്കുവാൻ തക്കവണ്ണം നിങ്ങളിൽ മതിപ്പുളവാക്കാൻ പോന്നതാണ്.

പരിശുദ്ധാത്മാവ് വളരെ പ്രാധാന്യത്തോടെ പറയുന്ന ഒരു കാര്യമാണ് അന്ത്യനാളുകളിൽ ആത്മാക്കളെ വഴിതെറ്റിക്കുന്ന വഞ്ചനയുടെ ആത്മാക്കളുടെ ഒരു പ്രളയം തന്നെ ഉണ്ടാകുമെന്ന് (1 തിമൊ.4:1). ആരും നിങ്ങളെ ചതിക്കരുത് എന്ന് യേശു കൂടെക്കൂടെ തന്റെ ശിഷ്യന്മാരെ ഓർമ്മപ്പെടുത്തിയിരുന്നു. അന്ത്യനാളുകളുടെ പ്രഥമലക്ഷണമായി വഞ്ചനയെത്തന്നെയാണ് യേശു ചൂണ്ടിക്കാട്ടിയത്. ഈ വഞ്ചനയെ ഒഴിവാക്കാനുള്ള ഒരേ ഒരു വഴി കർത്താവിനെ അറിയുക എന്നതാണ്. ദൈവവചന ധ്യാനത്തിലൂടെ ദൈവത്തെ അടുത്തറിഞ്ഞ് വചനാനുസരണം ദൈവത്തെ അനുഗമിക്കേണ്ടിയിരിക്കുന്നു. ദൈവത്തെ മഹത്വപ്പെടുത്തുന്ന കാര്യങ്ങൾ എന്തെന്നും അല്ലാത്തവ എന്തെന്നും അപ്പോൾ നാം തിരിച്ചറിയും.



# കറുത്ത ആടുകളും വെളുത്ത ആടുകളും

**ഒ**രിക്കൽ ഒരു ആട്ടിടയൻ തന്റെ ആടുകളെ മേയിക്കുകയായിരുന്നു. അപ്പോൾ നഗരവാസിയായ ഒരാൾ ആ ആട്ടിടയന്റെ അടുക്കലെത്തി. ആഗതൻ സ്വയം പരിചയപ്പെടുത്തിയതിനുശേഷം ഒന്നിനു പുറകെ ഒന്നായി കുറെ ചോദ്യങ്ങൾ ആട്ടിടയനോടു ചോദിച്ചു.

അയാളുടെ ആദ്യത്തെ ചോദ്യം ഇതായിരുന്നു:“നിങ്ങളുടെ ആടുകൾ ഒരു ദിവസം എത്രദൂരം നടക്കും?” അപ്പോൾ ആട്ടിടയൻ ചോദിച്ചു: “ഏത് ആടുകളെക്കുറിച്ചാണ് ചോദിക്കുന്നത്? കറുത്ത ആടുകളെക്കുറിച്ചോ വെളുത്ത ആടുകളെക്കുറിച്ചോ?”

ആഗതൻ പറഞ്ഞു: “വെളുത്ത ആടുകളെക്കുറിച്ച്.”

“അവ ഏകദേശം നാലു കിലോമീറ്റർ ദൂരം നടക്കും.” ആട്ടിടയൻ പറഞ്ഞു. “അങ്ങനെയെങ്കിൽ കറുത്ത ആടുകളോ?” ആഗതന് തന്റെ ജിജ്ഞാസ അടക്കാനായില്ല. അപ്പോൾ ആട്ടിടയൻ പറഞ്ഞു: “അവയും നാലു കിലോമീറ്റർ ദൂരം നടക്കും.”



ആഗതൻ വീണ്ടും ചോദിച്ചു: “ഈ ആടുകൾ ഒരു ദിവസം എന്തു മാത്രം തീറ്റതിന്നും?” ഉടനേ ആട്ടിടയൻ ആഗതനോടു ചോദിച്ചു: “ഏത് ആടുകളെക്കുറിച്ചാണ് ചോദിക്കുന്നത്? കറുത്ത ആടുകളെക്കുറിച്ചോ വെളുത്ത ആടുകളെക്കുറിച്ചോ?”

ആഗതൻ പറഞ്ഞു: “വെളുത്ത ആടുകളെക്കുറിച്ച്.” ഉടനേ ആട്ടിടയൻ പറഞ്ഞു: “ഒരു കെട്ട് പുല്ല്.” “അങ്ങനെയെങ്കിൽ കറുത്ത ആടുകളോ?” ആഗതൻ ജിജ്ഞാസയോടെ ചോദിച്ചു. “അവയും ഒരു കെട്ട് പുല്ല് തിന്നും!” എന്നായിരുന്നു ആട്ടിടയന്റെ ഉത്തരം.

ആട്ടിടയന്റെ ഈ ഉത്തരങ്ങൾ കേട്ടപ്പോൾ ആഗതനു വല്ലാത്ത കൗതുകം തോന്നി. എങ്കിലും അയാൾ വീണ്ടും ചോദിച്ചു: “ഈ ആടുകളിൽ നിന്ന് എന്തുമാത്രം കമ്പിളി കിട്ടും?” അപ്പോഴും ആട്ടിടയൻ ചോദിച്ചു: “ഏത് ആടുകളെക്കുറിച്ചാണ് ചോദിക്കുന്നത്? കറുത്ത ആടുകളെക്കുറിച്ചോ വെളുത്ത ആടുകളെക്കുറിച്ചോ?”

“വെളുത്ത ആടുകളെക്കുറിച്ച്.”

“ഒരു വർഷം അഞ്ചുകെട്ട് കമ്പിളി കിട്ടും.”

“അങ്ങനെയെങ്കിൽ കറുത്ത ആടുകൾക്കോ?” ആഗതൻ തന്റെ ക്ഷമ നശിക്കാതെ ചോദിച്ചു. ആട്ടിടയൻ പറഞ്ഞു: “അവയിൽ നിന്നും അഞ്ചുകെട്ട് കമ്പിളി കിട്ടും.”

ആട്ടിടയന്റെ ഈ മറുപടി കേട്ടപ്പോഴേക്കും ആഗതന് ക്ഷമ നശിച്ചു. എങ്കിലും ആത്മസംയമനം കൈവിടാതെ അയാൾ പറഞ്ഞു: “ഞാൻ നിങ്ങളോട് ആടുകളെക്കുറിച്ച് ഓരോ ചോദ്യം ചോദിക്കുന്നു. എന്നാൽ, ഞാൻ ചോദ്യം ചോദിക്കുമ്പോഴൊക്കെ നിങ്ങൾ കറുത്ത ആടുകളെക്കുറിച്ചോ വെളുത്ത ആടുകളെക്കുറിച്ചോ എന്നു പ്രത്യേകം ചോദിച്ചതിനുശേഷം രണ്ടിനും ഒരേ ഉത്തരം തന്നെ തരുന്നു. ഇപ്പോൾ എനിക്ക് ഒരു കാര്യമാണ് അറിയേണ്ടത്.

അപ്പോൾ ഒരു പുഞ്ചിരിയോടെ ആട്ടിടയൻ പറഞ്ഞു: “തീർച്ചയായും. അവ തമ്മിൽ വ്യത്യാസമുണ്ട്. വെളുത്ത ആടുകൾ എന്റേതാണ്.”

ആഗതൻ ചോദിച്ചു: “അപ്പോൾ കറുത്ത ആടുകളോ?” ചുണ്ടിലെ പുഞ്ചിരി വിടാതെതന്നെ ആട്ടിടയൻ മറുപടിയായി പറഞ്ഞു: “അവയും

ശേഷം പേജ് 6 കാണുക





# വിറകുകെട്ട് തലയണ!

**മാ**ർത്താണ്ഡവർമ്മ തിരുവിതാംകൂർ ഭരിച്ചിരുന്ന കാലം. രാമയ്യൻ ദളവയായിരുന്നു മാർത്താണ്ഡവർമ്മയുടെ പ്രധാന സഹായി.

വലിയ പ്രൗഢിയും സൗകര്യങ്ങളുമൊന്നും ആഗ്രഹിക്കാത്ത ആളാണെങ്കിലും രാമയ്യൻ ദളവയ്ക്ക് ഒരു കാര്യത്തിൽ നിർബന്ധമുണ്ടായിരുന്നു. കിടന്നുറങ്ങുന്ന മെത്ത ഏറ്റവും വൃത്തിയുള്ളതായിരിക്കണം. ഇക്കാര്യമറിയാവുന്ന ഭൃത്യന്മാർ അതനുസരിച്ച് മെത്തയൊരുക്കും.

എന്നാൽ ഒരു ദിവസം രാത്രി ഉറങ്ങാൻ കിടന്നപ്പോൾ രാമയ്യൻ ദളവ അതു കണ്ടു-മെത്തയിൽ ഒരു ചകിരിനാര്! ദേഷ്യം വന്ന ദളവ എന്തു ചെയ്തെന്നോ? മെത്ത വിരിച്ച ഭൃത്യനെ ജോലിയിൽനിന്ന് പുറത്താക്കി!

പാവം ഭൃത്യൻ പിറ്റേന്ന് മഹാരാജാവിനെ കണ്ട് സങ്കടം പറഞ്ഞു. ഇത്ര നിസ്സാ





രകാര്യത്തിന് ദളവ ഒരാളുടെ ജോലി കളഞ്ഞതിൽ മാർത്താണ്ഡവർമ്മയ്ക്കും നീരസം തോന്നി.

"തിരുവിതാംകൂറിന്റെ ദളവയ്ക്കു യോജിച്ച പ്രവൃത്തിയല്ല ഇത്" മഹാരാജാവ് പറഞ്ഞു. ആ ഭൃത്യനെ രാജാവ് കൊട്ടാരത്തിൽ തിരികെ ജോലിയിലെടുത്തു.

അടുത്ത ദിവസം ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിലെത്തിയ മഹാരാജാവ് ഒരു കാഴ്ച കണ്ടു-ഊട്ടുപുരയ്ക്കടുത്ത് ആരോ കിടക്കുന്നു. വിറകുകെട്ടാണ് തലയണയാക്കിവച്ചിരിക്കുന്നത്! അടുത്തു ചെന്നപ്പോഴല്ലേ മനസ്സിലായത്. രാമയ്യൻ ദളവയാണ് വെറും നിലത്ത് വിറകു തലയണവച്ചു കിടന്നുറങ്ങുന്നത്.

രാജാവ് രാമയ്യനെ വിളിച്ചുണർത്തി ചോദിച്ചു: "മെത്തയിലെ ചകിരിനാരു പോലും സഹിക്കാൻ പറ്റാത്ത രാമയ്യനാണോ വിറകുതലയണയും വച്ച് കിടക്കുന്നത്?"

രാമയ്യൻ ദളവ മാർത്താണ്ഡവർമ്മയെ തൊഴുതുകൊണ്ടു പറഞ്ഞു: "ചെയ്ത തെറ്റിന് അടിയന്റെ ദളവാ സ്ഥാനം നഷ്ടപ്പെട്ടാൽ എങ്ങനെയിരിക്കും എന്ന് നോക്കുകയായിരുന്നു. ഇപ്പോൾ മനസ്സിലായി; രാജകാര്യങ്ങളുടെ ഭാരമില്ലാതെ മനസ്സു ശാന്തമാണെങ്കിൽ വിറകുതലയണവച്ചു കിടന്നാലും സുഖമായി ഉറങ്ങാം."

മാർത്താണ്ഡവർമ്മ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "തെറ്റു ചെയ്താലും അതു മനസ്സിലാക്കി പശ്ചാത്തപിക്കാൻ മനസ്സുള്ളവർക്കേ പുരോഗതിയുണ്ടാകൂ. രാമയ്യന് ആ മനസ്സുണ്ട്. പേടിക്കേണ്ട... രാമയ്യന്റെ സ്ഥാനം നഷ്ടപ്പെടില്ല."

## മഹാമാരി

ഭൂമുഖത്ത് രണ്ട് പ്രദേശങ്ങളിലേക്കെങ്കിലും വ്യാപിക്കുകയും മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് രോഗം വേഗം പടരുകയും ചെയ്യുമ്പോഴാണ് അതിനെ ഒരു 'പാൻഡമിക്' (Pandemic) അഥവാ മഹാമാരിയായി ലോകാരോഗ്യ സംഘടന പ്രഖ്യാപിക്കുന്നത്. മനുഷ്യന് ഭീഷണിയായ പ്രധാനപ്പെട്ട പകർച്ചവ്യാധികളെ ലോകാരോഗ്യ സംഘടന പട്ടികയാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ബ്ലാക്ക് ഡെത്ത്




14-ാം നൂറ്റാണ്ടിൽ യൂറോപ്പിലും ഏഷ്യയിലുമായി പടർന്നുപിടിച്ച അസുഖമാണ് ബുബോണിക് പ്ലേഗ് (Bubonic plague). അക്കാലത്തെ യൂറോപ്പിലെ ജനസംഖ്യയുടെ മൂന്നിലൊന്ന് ആളുകളും ഈ അസുഖം ബാധിച്ചു മരിച്ചു. ബ്ലാക്ക് ഡെത്ത് (Black death) എന്നാണ് ഈ മരണങ്ങൾ അറിയപ്പെടുന്നത്.

## സ്പാനിഷ് ഫ്ളൂ



18-ാം നൂറ്റാണ്ടിൽ ലോകം കണ്ട ഏറ്റവും ഭീകരമായ പകർച്ചവ്യാധിയായിരുന്നു സ്പാനിഷ് ഫ്ളൂ. ലോകമൊട്ടാകെ അമ്പതു കോടിയിലധികം ആളുകൾ സ്പാനിഷ് ഫ്ളൂ ബാധിച്ചു മരിച്ചുവെന്നാണ് കരുതപ്പെടുന്നത്. 1918-ൽ യൂറോപ്പിലാണ് സ്പാനിഷ് ഫ്ളൂ ആദ്യമായി പ്രത്യക്ഷപ്പെട്ടത്.




## Infatuation

ഈ വാക്ക് ഉച്ചരിക്കേണ്ടത് 'ഇൻഫാച്ചുവേയ്ഷൻ' എന്നാണ്. ആരോടെങ്കിലും അല്ലെങ്കിൽ എന്തിനോടെങ്കിലും തോന്നുന്ന വളരെകുറച്ച് സമയത്തേക്കുള്ള ഇഷ്ടമാണ് ഈ വാക്കുകൊണ്ട് അർഥമാക്കുന്നത്.

## Indignation

അനീതി കാണുന്നതിലൂടെ ഒരാളിൽ ഉണ്ടാകുന്ന അതിശക്തമായ ദേഷ്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു പദമാണ് Indignation (ഇൻഡിഗ്നെയ്ഷൻ).

## Disconsolateness

'ഡിസ്കൺസൊലേറ്റ്നസ്' എന്ന് ഉച്ചരിക്കുന്ന ഈ വാക്കിന്റെ അർഥം 'കടുത്ത നിരാശ' എന്നാണ്.

## Contentendness

സമ്പൂർണ്ണ തൃപ്തി എന്ന അർഥം വരുന്ന വാക്കാണിത്. ഈ വാക്ക് ഉച്ചരിക്കേണ്ടത് 'കൊണ്ടെന്റെഡ്നെസ്' എന്നാണ്.

## Avaricious

എന്തിനോടെങ്കിലും ഉള്ള അമിതമായ ആർത്തിയെ സൂചിപ്പിക്കാൻ ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന ഒരു വാക്കാണിത്. ഉച്ചാരണം: 'അവരിഷസ്.'

# ഭൂമി ഒരു അത്ഭുതസൃഷ്ടി



ഭൂമിയെ നമുക്കൊരു വലിയ കാന്തമായി സങ്കൽപ്പിക്കാം. ഉത്തരധ്രുവവും (Noth Pole) ദക്ഷിണ ധ്രുവവുമാണ് (South Pole) ഈ 'കാന്ത'ത്തിന്റെ രണ്ടറ്റങ്ങൾ.

വടക്കുനോക്കിയന്ത്രത്തിന്റെ സൂചി കാണിക്കുന്നത് ഭൂമിയുടെ വടക്കേ 'കാന്തികധ്രുവ'മാണ്. ധ്രുവങ്ങളും കാന്തികധ്രുവങ്ങളും തമ്മിൽ ചെറിയ വ്യത്യാസമുണ്ട്.

ഭൂമിക്ക് മുകളിൽ ബഹിരാകാശം വരെ ഈ കാന്തികശക്തി അനുഭവപ്പെടുന്നുണ്ട്. താഴോട്ടോ? ഏതാണ്ട് 2900 കിലോമീറ്റർ വരെ!

ഭൂമിയുടെ ഉള്ളറയിൽ കൊടുംചൂടാണെന്നറിയാമല്ലോ. ഇരുമ്പും നിക്കലും മറ്റ് ലോഹങ്ങളുമൊക്കെ ഇവിടെ ഉരുകിയ രൂപത്തിലായിരിക്കും. ഭൂമിയുടെ കറക്കം കാരണം ഉരുകിയ ഈ ലോഹങ്ങൾ ഒപ്പം കറങ്ങും. കറക്കം മൂലം വൈദ്യുതിയുണ്ടാകും. ഒരു ഡൈനാമോ കറങ്ങുമ്പോഴുണ്ടാകുന്നതുപോലെ!



ജിയോ ഡൈനാമോ (Geo dynamo) എന്നാണിതിന് പേര്. ഈ വൈദ്യുതിയാണ് ഭൂമിയുടെ കാന്തികശക്തിക്ക് കാരണം.

ഏതാണ്ട് 345 കോടി വർഷങ്ങളായി ഭൂമിക്ക് കാന്തശക്തിയുണ്ടെന്നാണ് ശാസ്ത്രജ്ഞരുടെ കണക്കുകൂട്ടൽ. ഭൂമിക്കുള്ളിൽ ദ്രാവകരൂപത്തിലുള്ള ലോഹങ്ങളും പാറകളും തണുത്തുറഞ്ഞാൽ ഭൂമിക്ക് ആകർഷണശക്തി നഷ്ടമാകുകയും ഭൂമിയുടെ നാശത്തിന് അത് കാരണമാകുകയും ചെയ്യും. ഇത്തരത്തിലുള്ള അതിസങ്കീർണ്ണമായ കാര്യങ്ങൾ സ്വാഭാവികമായി ഉണ്ടായതാണെന്നോ, പരിണമിച്ചുരുത്തിരിഞ്ഞതാണെന്നോ പറയാൻ കഴിയില്ല. അതെ, ഈ പ്രപഞ്ചത്തിനു പിന്നിൽ ഒരു സൃഷ്ടാവുണ്ട് എന്ന കാര്യത്തിൽ സംശയമില്ല.

## ലിപി വന്ന വഴി



കാഴ്ചയില്ലാത്തവർ വായിക്കുന്നത് ബ്രെയിൽ ലിപി ഉപയോഗിച്ചാണല്ലോ. എന്നാൽ ബ്രെയിൽ ലിപി കണ്ടുപിടിച്ചത് അതിനായിരുന്നില്ല! ഫ്രഞ്ച് പട്ടാളക്കാർക്ക് രാത്രിയിൽ വെളിച്ചമില്ലാതെ സന്ദേശങ്ങളും മറ്റും വായിക്കാനാണ് നെപ്പോളിയന്റെ സേനാംഗമായിരുന്ന ചാൾസ് ബാബിയർ ബ്രെയിൽ ലിപി തയ്യാറാക്കിയത്!



# പൂർണ്ണതയിലേക്ക് നയിക്കുന്ന പ്രമാണം



ജീവസന്ദേശം

ടി. എം. വർഗ്ഗീസ് ഓതറ

പഴയനിയമത്തിൽ അത്യധികം ദൈവഭയമുള്ള ജീവിതം നയിച്ചിരുന്നവരെ നമുക്കു കാണാൻ കഴിയും. ഏലിയാവ് സ്ത്രീകളോട് മാന്യത ഇല്ലാതെ പെരുമാറുന്നതായോ, സ്നാപകയോഹന്നാൻ പണത്തിന്റെ പുറകെ പരക്കം പായുന്നതായോ, മോശ ലോകത്തിന്റെ മാനം അന്വേഷിക്കുന്നതായോ ഭാവനയിൽ കാണാൻ പോലും പ്രയാസമാണ്. അതിനാൽ മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നു സ്വതന്ത്രരായി എന്ന കാരണത്താൽ നാം പുതിയനിയമത്തിലേക്ക് പ്രവേശിച്ചു എന്ന് അർത്ഥമാകുന്നില്ല.

പഴയനിയമകാലത്ത് തിരുവചനസംബന്ധമായ ഒരു പ്രസിദ്ധീകരണം ഉണ്ടായിരുന്നെങ്കിൽ അതിൽ പല നല്ല കാര്യങ്ങളും വായിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ ആ നല്ല കാര്യങ്ങളുടെയെല്ലാം പ്രേരകശക്തി “നീ ചെയ്യരുത്...” “നിനക്കു ചെയ്യാം” എന്നുള്ള പ്രമാണം ആയിരുന്നേനേ.



എന്നാൽ പുതിയ ഉടമ്പടിയിൽ കാര്യങ്ങൾ തികച്ചും വിഭിന്നമാണ്. ഉന്നതമായ ഒരു നിലവാരം ഉണ്ടെന്നു മാത്രമല്ല പുതിയനിയമത്തിന്റെ ആത്മാവുതന്നെ വ്യത്യസ്തമാണ്. മത്തായി സുവിശേഷം 5,6,7 അദ്ധ്യായങ്ങളിലെ യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. പഴയനിയമത്തിൽ ‘കുല ചെയ്യരുത്’ ‘വ്യഭിചാരം ചെയ്യരുത്’ തുടങ്ങിയ കല്പനകളായിരുന്നു നൽകപ്പെട്ടിരുന്നത്. ആ കല്പനകളുടെ പിന്നിലെ ആത്മാവിനെക്കുറിച്ച് യേശു സംസാരിക്കുമ്പോൾ ‘ചെയ്യരുത്’ എന്നുള്ള വാക്കുകൾ അല്ല കർത്താവ് ഉപയോഗിച്ചത്. മറിച്ച് ദൈവരാജ്യത്തിൽ കോപം കുലപാതകത്തിനു തുല്യമാണെന്നും, ലൈംഗികമായ മ്ലേച്ഛചിന്തകൾ വ്യഭിചാരത്തിനു തുല്യമാണെന്നും വിശദീകരിക്ക മാത്രമാണ് ചെയ്തത്. ഈ വ്യത്യാസം ശ്രദ്ധേയമാണ്.


പഴയനിയമത്തിൽ ഒരുവന്റെ വരുമാനത്തിൽ പത്തുശതമാനം നിർബന്ധമായും ദൈവത്തിനു കൊടുക്കേണ്ടിയിരുന്നു. എന്നാൽ പുതിയനിയമത്തിൽ എത്ര ശതമാനം കൊടുക്കണം എന്നു വ്യക്തമാക്കിയിട്ടില്ല. 2 കൊരി.9:7-ൽ നാം കാണുന്നത് “അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്; നിർബന്ധത്താലും അരുത്; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.” ദൈവത്തിന്റെ എല്ലാ കല്പനകളും പുതിയനിയമത്തിൽ അനുസരിക്കേണ്ടതും ഈ ആത്മാവിൽ ആയിരിക്കണം: ‘നിർബന്ധത്താലല്ല, തികഞ്ഞ സ്നേഹത്തിൽ സന്തോഷത്തോടെ.’

പുതിയനിയമത്തിൽ അനുസരണത്തെക്കാൾ, ഏത് ആത്മാവിൽ അനുസരിച്ചു എന്നതാണു ദൈവം വിലമതിക്കുന്നത്. ഗത്യന്തരമില്ലാതെ കല്പന അനുസരിക്കുന്ന ഒരു അടിമയുടെ അനുസരണവും, സ്നേഹം മൂലം ഉത്സാഹത്തോടെ സ്വന്തം പിതാവിനെ അനുസരിക്കുന്ന ഒരു മകന്റെ അനുസരണവും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഗലാത്യർ 4:7 പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നു.

യേശു ആദ്യം ക്രൂശിനെപ്പറ്റി ശിഷ്യന്മാരോടു സംസാരിച്ചപ്പോൾ അവർക്ക് അത് ദൈവത്തിന്റെ വഴിയാണെന്നു ഗ്രഹിക്കാൻ കഴിഞ്ഞില്ല. ദൈവജനത്തിന് ഐശ്വര്യവും ആരോഗ്യവും സന്താനസമ്പത്തും മറ്റനേകം ഭൗതികാനുഗ്രഹങ്ങളും വാഗ്ദാനം ചെയ്തിരുന്ന പഴയനിയമായിട്ടാണ് അവർ ഇടപഴകിയിരുന്നത്. ഈ പഴയനിയമത്തിനു കടകവിരുദ്ധമായിരുന്നു പുതിയനിയമം.

വ്യക്തിപരമായ അനുഗ്രഹങ്ങൾ, ഭൗമിക കാര്യങ്ങൾ എന്നിവയിലാണു പഴയനിയമം അധിഷ്ഠിതമായിരുന്നത്. പുതിയനിയമ സുവിശേഷമാകട്ടെ, ഇതിൽനിന്നു വിഭിന്നമായി ദൈവിക ലക്ഷ്യങ്ങൾ, സ്വർഗ്ഗീയ കാര്യങ്ങൾ എന്നിവയെ കേന്ദ്രമാക്കി വ്യാപരിച്ചിരുന്നു. ഈ പുതിയനിയമ സുവിശേഷത്തിനു വഴിയൊരുക്കിക്കൊണ്ടു യോഹന്നാൻ സ്നാപകൻ വന്നപ്പോൾ അദ്ദേഹത്തിന്റെ സന്ദേശം ഇതായിരുന്നു: “സ്വർഗ്ഗരാജ്യം (ഭൗമിക രാജ്യവും ഭൗമികാനുഗ്രഹങ്ങളുമല്ല)

ശേഷം പേജ് 6 കാണുക



# മനസുവച്ചാൽ കരകയറാം



ഒരിടത്ത് ഒരു ദരിദ്രനുണ്ടായിരുന്നു. ദാരിദ്ര്യത്തിനു പ്രധാന കാരണം അവന്റെ മടിയായിരുന്നു. അവൻ ഒരു സന്യാസിയുടെ അടുത്തുചെന്ന് തന്റെ ദാരിദ്ര്യം നീക്കിത്തരണമെന്ന് അപേക്ഷിച്ചു. ജ്ഞാനദൃഷ്ട്യാ അവൻ ഒരു മടിയനാണെന്ന കാര്യം മനസിലായ സന്യാസി അത് അവനുംകൂടി മനസിലാകുന്നതിനു വേണ്ടി ഒരു കഥ പറഞ്ഞു. ഒരു മരംകൊത്തി തന്റെ കൂർത്ത കൊക്കുകൊണ്ട് ഒരു മരത്തിൽ കൊത്തിക്കൊണ്ടു കയറിപ്പോകുന്നതു കണ്ട ഒരാൾ, വിഡ്ഢീ! മരം മുഴുവൻ കൊത്തിക്കൊണ്ടിരിക്കുന്നതുകൊണ്ട് വല്ല പ്രയോജനവുമുണ്ടോ? എന്നു ചോദിച്ചു. അതുകേട്ട ആ പക്ഷി, ഹേ! മനുഷ്യാ, ഞാൻ എന്റെ ഭക്ഷണം അന്വേഷിക്കുകയാണ്. അന്വേഷിച്ചാൽ കിട്ടും എന്ന് ഉത്തരം പറഞ്ഞു.

ഓ! മരം മുഴുവൻ കൊത്തുന്നത് വെറും വിഡ്ഢിത്തമാണ്, അയാൾ പറഞ്ഞു. കൊത്തിക്കൊണ്ടേയിരുന്ന പക്ഷി, മരത്തിന്റെ ഒരു ഭാഗത്ത് ഒരു പോട് കണ്ടുപിടിച്ചു. ആ ഭാഗം തന്റെ കൊക്കുകൊണ്ട് കൊത്തിപ്പൊളിച്ചു. അതിലുണ്ടായിരുന്ന പുഴുക്കളെ കൊന്നുതിന്നതിനുശേഷം പറഞ്ഞു, ഹേ! മനുഷ്യാ, നീയും എന്നെപ്പോലെ മണ്ണിലും മരത്തിലും വെള്ളത്തിലും എന്തിന് എല്ലാ സ്ഥലത്തും അന്വേഷിക്ക്. നിനക്കും എന്തെങ്കിലും കിട്ടും.



കഥ പറഞ്ഞ് അവസാനിപ്പിച്ച സന്യാസി, നീയും ഈ വിശാലമായ ലോകത്ത് അന്വേഷിക്ക്. നിനക്കും എന്തെങ്കിലും ലഭിക്കും. അതിന് അധ്വാനിക്കണം. മടിപിടിച്ചിരുന്നാൽ ഒന്നും നടക്കില്ല. മടിയനു ലഭിക്കുന്നതു ദാരിദ്ര്യം മാത്രമാണ്, എന്ന് മടിയനെ ഉപദേശിച്ചു.

മടിയും അലസതയും നമുക്ക് ഗുണം ചെയ്യുകയില്ല. അദ്ധ്വാനിക്കുവാനും അവസരങ്ങൾ കണ്ടെത്താനും ശ്രമിച്ചാൽ പട്ടിണി കിടക്കേണ്ടിവരില്ല. ഏബ്രഹാംലിങ്കന്റെ കാലത്ത് അമേരിക്കയിൽ നടന്ന ഒരു സംഭവം ഓർമ വരുന്നു. ആഭ്യന്തരയുദ്ധ സമയത്ത് രാജ്യാതിർത്തിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു സൈനികൻ ഉറങ്ങിപ്പോയി. അദ്ദേഹത്തിന്റെ പേര് വില്യം സ്കോട്ട് എന്നായിരുന്നു. ഈ ഉറക്കം, ശത്രുപക്ഷത്തിനു ഗുണം ചെയ്തു. കർത്തവ്യത്തിൽ വീഴ്ച വരുത്തിയ വില്യംസ്കോട്ടിനെ കോടതിയിൽ ഹാജരാക്കുകയും അദ്ദേഹത്തെ വധശിക്ഷയ്ക്കു വിധിക്കുകയും ചെയ്തു. പക്ഷേ, ഏബ്രഹാംലിങ്കൻ അദ്ദേഹത്തെ വധശിക്ഷയിൽ നിന്നു രക്ഷിച്ചു. ലിങ്കൻ പറഞ്ഞു, നിന്നെ വധിക്കാൻ തക്ക കുറ്റമൊന്നും ഞാൻ നിന്നിൽ കാണുന്നില്ല. പക്ഷേ, നീ എനിക്ക് ഒരു ഉപകാരം ചെയ്യണം. സൈനികൻ അത്ഭുതപ്പെട്ട് ലിങ്കനോടു ചോദിച്ചു, ഞാൻ അങ്ങേയ്ക്കുവേണ്ടി എന്താണ് ചെയ്യേണ്ടത്? രാജ്യത്തിന്റെ പ്രസിഡന്റായ ഏബ്രഹാം ലിങ്കൻ പറഞ്ഞു: നീ ഈ രാജ്യത്തിനുവേണ്ടി ധീരമായി പോരാടണം. ഈ വാക്കുകൾ വില്യംസ്കോട്ടിന്റെ ജീവിതം വ്യത്യാസപ്പെടുത്തി. അവൻ ലിങ്കന്റെ വാക്കുകൾ അതേപടി അനുസരിച്ചു. രാജ്യസുരക്ഷയ്ക്കുവേണ്ടി ഉത്തരവാദിത്തത്തോടെ പോരാടി. യുദ്ധത്തിൽ മുറിവേറ്റു കിടന്ന സൈനികന്റെ അടുത്തേക്ക് സഹായത്തിനെത്തിയവരോട് അവൻ പറഞ്ഞു, ഞാൻ മരിക്കാൻ പോകുകയാണ്. ഈ യുദ്ധത്തിൽ നാം ജയിക്കും എന്ന് എനിക്കുറപ്പുണ്ട്. നിങ്ങൾ വിജയിച്ച്, വിജയപതാകയുമായി പ്രസിഡന്റ് ലിങ്കന്റെ അടുത്തേക്കു പോകുമ്പോൾ, വില്യംസ്കോട്ട് വാക്കുപാലിച്ചെന്നു പറയാൻ മറക്കരുതേ. ഉറങ്ങിയവൻ ഉണർന്നു പോരാടിയപ്പോൾ രാജ്യത്തിന് അഭിമാനായി മാറി.

അദ്ധ്വാനിക്കാതെ നേട്ടങ്ങൾ കൊയ്യുന്ന ആത്മീയ നേതൃത്വത്തേയും അത്ഭുതദാസന്മാരെയും അവരുടെ മരണശുശ്രൂഷയേയും ആരും മാതൃകയാക്കരുത്. അധ്വാനിക്കാതെ നേട്ടങ്ങൾ കൊയ്യാൻ ശ്രമിക്കുന്നവർ പരാജയപ്പെടുമെന്ന് നിസംശയം പറയുവാൻ കഴിയും.

കോവിഡ് കാലത്ത് സകല രംഗങ്ങളും സ്തംഭിച്ചു. ഇത് ജീവിതത്തെ കുറച്ചൊന്നുമല്ല ബാധിച്ചിരിക്കുന്നത്. ഇതിന്റെ ഫലം എന്താണ്? സാമ്പത്തിക തകർച്ച, നിരാശ, ദാരിദ്ര്യം. തൊഴിൽ സ്ഥാപനങ്ങളിൽ ശമ്പളം മുടങ്ങുന്നു. ലോക്ഡൗൺ ഇളവുകൾ വന്നതോടെ കുറെയൊക്കെ സ്ഥിതി വ്യത്യാസപ്പെട്ടു എങ്കിലും ഭൂരിഭാഗം ആളുകളും ദുരിതത്തിലായിരിക്കുന്നു.

ദാരിദ്ര്യത്തിൽ നിന്നു കരകയറുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഏതുജോലിയും ചെയ്യുവാൻ ശീലിക്കുക എന്നതാണ്. ചിലയിടങ്ങളിൽ യുവാക്കൾ പച്ചക്കറി കിറ്റുകൾ വിൽക്കുന്നു. ബിരിയാണിയും പൊതിച്ചോറും വിൽക്കുന്നു. മറ്റുചിലർ കൃഷി ചെയ്യാൻ തയാറായിരിക്കുന്നു. ഈ അദ്ധ്വാനശീലം ഒരു ശുഭസൂചനയാണ്. തുരുമ്പു പിടിച്ചു നശിക്കുന്നതിനെക്കാൾ നല്ലത് തേഞ്ഞുതേഞ്ഞു പോവുകയാണ് എന്ന് ബിഷപ്പ് കംബർലാൻഡ് പറഞ്ഞിട്ടുണ്ട്. നിരാശപ്പെട്ട് നിഷ്ക്രിയരാകുന്നതിലും നല്ലത് അധ്വാനിക്കുക തന്നെ എന്നാണ് അദ്ദേഹം അർത്ഥമാക്കിയത്.

ഉണരുക, എഴുന്നേൽക്കുക, ഇല്ലെങ്കിൽ നാം നശിച്ചുപോകും എന്നു പറഞ്ഞ മിൽട്ടണും, സ്വന്തം വിയർപ്പുകൊണ്ട് അപ്പം തേടുന്നതിനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് എന്നുപറഞ്ഞ മഹാത്മാഗാന്ധിയും ഉദ്ദേശിച്ചത് ഇതുതന്നെയാണ്. സ്വന്തം കൈകൊണ്ടുള്ള അധ്വാനത്താൽ നേടിയ ആഹാരത്തേക്കാൾ നല്ലത് ആരും ഒരിക്കലും കഴിച്ചിട്ടില്ല എന്നാണ് മുഹമ്മദ് നബി പറഞ്ഞത്. കഠിനാദ്ധ്വാനത്തിനു പകരം വയ്ക്കാൻ മറ്റൊന്നുമില്ല എന്നു ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ പൗരന്മാർ മറ്റുള്ളവരെ ആശ്രയിക്കാതെ സ്വയംപര്യാപ്തത നേടുന്നതിനുള്ള ഒരു തയാറെടുപ്പാണത്.


ഇപ്പോൾ ഗൾഫിലും ഇതര വിദേശരാജ്യങ്ങളിലും നിന്ന് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങിയവർ ധാരാളമുണ്ട്. ഇനി എങ്ങനെ മുമ്പോട്ടുപോകും എന്നു ചിന്തിച്ച് നിരാശപ്പെടുന്നവരാണ് ഏറെയും. തൊഴിലും വേതനവും വരുമാന സ്രോതസും ഇല്ലാതാകുമ്പോൾ നിരാശപ്പെടാതെ പുതിയ മേഖലകൾ കണ്ടെത്തുക. സർക്കാരിന്റെ പുതിയ പദ്ധതികളിൽ ഭാഗഭാക്കാകുക. ഭൂമിയിൽ ജീവിക്കാൻ ഇടം നൽകിയ ദൈവം നന്മയുടെ വഴികൾ നൽകും എന്നു വിശ്വസിക്കുക. പ്രതിസന്ധികൾ അവസരങ്ങളാക്കി മാറ്റി ജീവിതത്തിൽ വിജയം കൈവരിക്കാൻ ശ്രമിക്കുക.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# മനുഷ്യൻ: ശാസ്ത്രവും സാങ്കേതികതയും

കഴിഞ്ഞ ഏതാനും ദശകങ്ങൾ ശാസ്ത്രസാങ്കേതിക മേഖലയിലുണ്ടായ വളർച്ച മനുഷ്യനെ കൂടുതൽ സൂക്ഷ്മവും വ്യക്തവുമായ അറിവുകളിലേക്കു നയിച്ചു. പ്രപഞ്ചത്തെക്കുറിച്ചുള്ളതുപോലെതന്നെ തന്നെക്കുറിച്ചും മനുഷ്യൻ കൂടുതൽ വ്യക്തതയുള്ളവനായി. കാഴ്ചപ്പാടുകൾ ചിന്താധാരകളെയും സംസ്കാരത്തെയും മാറ്റി. എന്നിട്ടും കാലികമായ അറിവിലേക്ക് എത്താത്ത മനുഷ്യർ അവരുടെ ലോകത്തിൽ സംതൃപ്തിയടഞ്ഞ് മാറ്റത്തെ ഭയപ്പാടോടെ കണ്ടു. ആത്മീയതയിലും ദൈവശാസ്ത്രത്തിലും ഇത് പ്രകടമായി കാണാൻ കഴിയും. ലോകത്തെയും തന്നെത്തന്നെയും കുറിച്ച് മനുഷ്യനുണ്ടായ പുതിയ തിരിച്ചറിവുകൾ ഇതുവരെയുണ്ടായിരുന്ന സങ്കല്പങ്ങളെ ഉടച്ചുവാർക്കാൻ പര്യാപ്തമായിരുന്നു. ശാസ്ത്രവും സാങ്കേതികതയും ഭയപ്പാടോടെ വീക്ഷിക്കുന്നവർ പിന്നെയും അറിയാവുന്ന രീതിയിൽ മാത്രം ദൈവത്തെ വ്യാഖ്യാനിച്ചുകൊണ്ടിരുന്നു. വെളിച്ചപ്പാടുകളെപ്പോലെ ഉറഞ്ഞുതുള്ളി ദൈവത്തിന്റെ നേരിട്ടുള്ള വക്താക്കളായി ചിലർ മാറ്റങ്ങളെ പൈശാചികവും പ്രലോഭനഹേതുവുമായി അവതരിപ്പിച്ചു. പഠിക്കാനും ചിന്തിക്കാനും മടിയുള്ള മതനേതൃത്വം അവർക്കറിയാവുന്ന സാധാരണ കാര്യങ്ങളിലേക്കു മാത്രം തിരിഞ്ഞു. അറിവിലും സാങ്കേതികതയിലും മനുഷ്യൻ ഇവിടെവരെ എത്തിപ്പെട്ടുവെങ്കിൽ ദൈവം എത്രമേൽ വലിയവനായിരിക്കുമെന്നും, ഇനിയും എത്ര വലിയ വിസ്മയങ്ങളിലേക്കാണ് നാം കടന്നുപോകാനിരിക്കുന്നതെന്നും ചിന്തിക്കുന്നവർ ചുരുക്കമാണ്.



## ശരീരം (Body)

മനുഷ്യന്റെ ആത്മാന്വേഷണത്തിന്റെ അടിസ്ഥാനം ശരീരമാണ്. കാരണം ശരീരത്തിലാണ് മനുഷ്യൻ. ശരീരത്തോടുകൂടിയാണ് മനുഷ്യൻ. മനുഷ്യനിലെ വിസ്മയമോ, മനസ്സും. ഉപനിഷത്തിൽ പറയുന്നതുപോലെ, As is the atom, so is the universe; As is the human body, so is the cosmic body; As is the human mind, so is the cosmic mind; As is the microcosm, so is the macrocosm. കോസ്മോസ് എന്ന പദം ക്രമപൂർണ്ണമായ പ്രപഞ്ചം എന്ന അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. ക്രമരാഹിത്യത്തിന്റെ വിപരീതമാണത് (Chaos). മൈക്രോകോസം എന്ന പദം സ്ഥൂലപ്രപഞ്ചത്തെ പരാമർശിക്കാനാണുപയോഗിക്കുന്നതെങ്കിലും പതിനേഴാം നൂറ്റാണ്ടിൽ വാനനിരീക്ഷകനും ഭിഷഗ്വരനുമായിരുന്ന റോബർട്ട് ഫ്ളഡ് (Robert Fludd)മനുഷ്യനെ പ്രപഞ്ചത്തിലെ മൈക്രോകോസം ആയി താരതമ്യം ചെയ്തിട്ടുണ്ട് എന്നത് കൗതുകകരമാണ്. മനുഷ്യൻ അവനിൽ തന്നെ ഒരു ലോകമാണെന്നും, പ്രപഞ്ചവും മനുഷ്യനും തമ്മിലൊരു താരതമ്യം കൂടുതൽ എളുപ്പമാണെന്നും അദ്ദേഹം പറയുന്നുണ്ട് (Robert Fludd, Utriusque Cosmic Historical). അത് കൂടുതൽ താത്വികമായ ഒരു നിഗമനമായിരുന്നു. നമ്മുടെ ശരീരം അനേകം സൂക്ഷ്മ ജീവികളുടെ ആവാസകേന്ദ്രമാണ്. 1970-74 കാലഘട്ടങ്ങളിൽ മൈക്രോബുകളെക്കുറിച്ചുള്ള പഠനമാണ് മനുഷ്യശരീരത്തിലെ സൂഷ്മജീവികളുടെ അനുപാതവും മനുഷ്യകോശങ്ങളുടെ അനുപാതവും ഏകദേശം തുല്യമാണെന്ന് കണ്ടെത്തിയത്. 2016 -ലെ പഠനമനുസരിച്ച് അത് ഏകദേശം 1:3:1 എന്ന അനുപാതത്തിലാണ്. അതായത് ബാക്ടീരിയകളും മറ്റ് സൂക്ഷ്മജീവികളുമാണ് ശരീര കോശങ്ങളെക്കഴിഞ്ഞും കൂടുതൽ എന്നർത്ഥം. (Alison Abbott, Scientists bust myth that our bodies have more bacteria than human cells, Nature.com, 08/01/2016). അതുകൊണ്ടാണ് അതിസൂഷ്മ വൈറസുകൾപോലും മനുഷ്യശരീരത്തിന്റെ അനാരോഗ്യത്തിന് കാരണമാകുന്നത്. മനുഷ്യശരീരത്തെക്കുറിച്ചുള്ള സൂഷ്മമായ അറിവുകൾ മവിസ്മയത്തിന്റെ വാതിലാണ് തുറക്കുന്നത്. ശരീരശാസ്ത്രവും നാഡീവ്യൂഹശാസ്ത്രവും (Neuroscience), മനഃശാസ്ത്രവും (Psychology) മനുഷ്യനെന്ന ലോകത്തെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നമുക്ക് വ്യാഖ്യാനിച്ചു തരുന്നുണ്ടെന്നു മാത്രമല്ല നമ്മുടെ അസ്ഥിത്വത്തിന്റെ സങ്കീർണ്ണതയെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചും ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. സൂക്ഷ്മമായ നിരീക്ഷണങ്ങളിൽ നിന്നും പഠനങ്ങളിൽനിന്നും ഉരുത്തിരിയുന്നത് ശരീരം അത്ര ലളിതമായ ഒരു യാഥാർത്ഥ്യമല്ലെന്നതാണ്. അപ്പോൾ പിന്നെ മനുഷ്യമനസ്സിനെക്കുറിച്ച് പറയാനുമില്ല.

## മനസ്സ് (Mind)

സങ്കീർണ്ണമായ ഒരു വ്യവസ്ഥയുടെ (system) രണ്ടു ഘടകങ്ങളാണ് മനസ്സും മസ്തിഷ്കവും. ഒരു വ്യക്തിയുടെ മാനസിക പ്രവർത്തനവും പെരുമാറ്റവും മസ്തിഷ്ക പ്രവർത്തനങ്ങളും ഒരുതരം ശാരീരിക രസതന്ത്ര വ്യവസ്ഥയാണെന്നു പറയാം. ഈ വ്യവസ്ഥയ്ക്ക് ക്രമഭംഗം ഉണ്ടാകുമ്പോൾ നമ്മുടെ മനസ്സിനും മാനസിക പ്രവർത്തനങ്ങൾക്കും മാറ്റം സംഭവിക്കുന്നുണ്ട് (Malcom Jeeves, Minds, brains, souls and Gods, pg.34). തോമസ് നേഗലിന്റെ അഭിപ്രായത്തിൽ മറ്റു ജീവികളുടേതിൽനിന്ന് വ്യത്യസ്തമായി നമ്മുടെ മാനസിക ജീവിതവും, ആത്മനിഷ്ഠാനുഭവങ്ങൾ ഉൾപ്പെടെ (Subjective experiences) മസ്തിഷ്കത്തിലെ പ്രവർത്തനങ്ങളും, ഒരദൃശ്യലോകത്തിലെ സംവേദനങ്ങളുമായി വളരെ ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. അതായത് ശാരീരികാനുഭവങ്ങളും മനസ്സും തമ്മിലുള്ള ബന്ധം ഏറെ പഠനമർഹിക്കുന്നതും സങ്കീർണ്ണവുമെന്ന് സാരം. ശരീരത്തിൽ നിന്ന് വേറിട്ട് മനസ്സിനെക്കുറിച്ച് പഠിക്കാനോ അപഗ്രഥിക്കാനോ കഴിയില്ല. മനസ്സിനെക്കുറിച്ചുള്ള പഠനങ്ങൾക്ക് മനുഷ്യനോളം പഴക്കമുണ്ട്. (തുടരും)

# കത്തോലിക്ക: സഭയോ മതമോ?

കഴിഞ്ഞലക്കം തുടർച്ച 7

റോമാ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന ഇറ്റലി, ഗ്രീസ്, ബാബിലോൺ, ഈജിപ്ത്, സിറിയ മുതലായ പ്രവിശ്യകളിലെ ആരാധനാമൂർത്തികളായിരുന്ന ഡയാന, അർത്തമീസ്, ദിമിത്ര, സീയൂസ്, സീയുസിന്റെ ഭാര്യയായ ഹേരാ, വീനസ്, ജൂപിറ്റർ, ആകാശരാജ്ഞിയായ സെമിറാമീസ്, ഐസിസ്, മേനി മുതലായ ദേവീദേവന്മാരെ ക്രിസ്തീയനാമം കൊടുത്തു ക്രിസ്തീയ ആരാധനാസ്ഥലങ്ങളിൽ കുടിയിരുത്തി, ജാതീയ ദേവാലയങ്ങളെ ക്രിസ്തീയാരാധനാലയങ്ങളാക്കി മാറ്റി. ഈ ദേവാലായങ്ങളിലെ അവിവാഹിതരായ പുരോഹിതന്മാരെ ക്രിസ്തീയ ദേവാലയങ്ങളിൽ പുരോഹിതന്മാരായി വാഴിച്ചു. അവർക്ക് പൂർണ്ണ അധികാരമുള്ള മജിസ്ട്രേറ്റ് പദവിയും കൊടുത്തു. ഇങ്ങനെ പുറജാതികളുടെ ഇടയിൽ ഉണ്ടായിരുന്ന എല്ലാ മതാചാരങ്ങളും കത്തോലിക്കർ നടപ്പാക്കി.

വി. പൗലോസ് ഇതേപ്പറ്റി മുന്നറിയിപ്പു നൽകിയിരുന്നു. (1 തിമൊ.4:1; റോമ.1:21,22) അങ്ങനെ ദൈവത്തെ അറിയാതെ, വചനം എന്തെന്ന് ഗ്രഹിക്കാതെ റോം മുഴുവൻ ക്രിസ്തീയമായി. ദൈവസഭ രാജകീയ മതമായി. റോമിലെ ദേവീദേവന്മാർ മാതാവും മദ്ധ്യസ്ഥരുമായി. ദൈവത്തെ അറിയാത്ത ചക്രവർത്തി സഭാദ്ധ്യക്ഷനായി. സത്യം അറിയാത്ത ജനം തെറ്റിപ്പോയി. സത്യവചനത്തിൽ ഉറച്ചുനിന്നവരെ തീയിൽ എറിഞ്ഞും സിംഹക്കുഴിയിലിട്ടും വഴിവിളക്കുകളായി കത്തിച്ചും കൊന്നു. ബാബിലോണിലെ പുരോഹിതനാണ് പോപ്പ് എന്നറിയപ്പെടുന്നത്. സഭയിൽ പോപ്പ് ഏകാധിപതിയായി മാനുഷിക നിയമങ്ങളും ഭരണങ്ങളും കൊണ്ടുവന്നു. വെളിപ്പാട് 17, 18 അദ്ധ്യായങ്ങളിൽ റോമിനു വരുന്ന ന്യായവിധി കാണാൻ കഴിയും. യേശുക്രിസ്തു വിഭാവനം ചെയ്ത സഭ കാതോലികവും ശ്ലൈഹികവും, ഏകവും, വിശുദ്ധവുമാണ്. കത്തോലിക്കാ എന്ന പദം കാതോലികത്തിൽ നിന്നും (സാർവ്വത്രികം) ഉടലെടുത്തതാണെങ്കിലും അത് ക്രിസ്തുവിനാൽ സ്ഥാപിതമല്ല. കത്തോലിക്കാ സഭ റോമൻ ഭരണകൂടത്തിന്റെ സൃഷ്ടിയാണ്. പോപ്പാണ് കത്തോലിക്കാ സഭയുടെ തലവൻ. എന്നാൽ പെന്തക്കോസ്തു ദിവസം ജെറുശലേമിലാണ് ദൈവസഭ ഉടലെടുത്തത്. യേശുക്രിസ്തുവിനാൽ സ്ഥാപിതമായ ദൈവസഭയുടെ തലവൻ യേശുക്രിസ്തു മാത്രമാണ്. അപ്പോസ്തലപ്രവൃത്തി ആദ്യ അദ്ധ്യായങ്ങൾ വായിക്കുക. ദൈവം എഴുതിക്കൊടുത്ത കല്പനയെ മാറ്റിമറിയ്ക്കാൻ കത്തോലിക്കാസഭ ധൈര്യം കാട്ടി. വിഗ്രഹം ഉണ്ടാക്കരുത് എന്ന ദൈവകല്പനയെ (പുറപ്പാട് 20-ാം അദ്ധ്യായം വായിക്കുക) നീക്കി. കൂട്ടുകാരന്റെ യാതൊന്നും മോഹിയ്ക്കരുതെന്ന പത്താമത്തെ കല്പനയെ രണ്ടാക്കി (അന്യന്റെ ഭാര്യയെ മോഹിക്കരുത്, അന്യന്റെ യാതൊന്നും മോഹിക്കരുത്) 10 കല്പന തികച്ച് വിഗ്രഹസംസ്കാരത്തെ കത്തോലിക്കാസഭ പരിപോഷിപ്പിച്ചു.



വിഗ്രഹങ്ങളെ സേവിക്കുന്ന ജാതികളുടെ വിശ്വാസാചാരങ്ങൾ ക്രിസ്ത്യാനികൾക്ക് സ്വീകാര്യമല്ല. ഇത്തരം ദുരാചാരങ്ങളെ ദൈവവചനം അംഗീകരിക്കുന്നില്ലെന്നു മാത്രമല്ല അത് ദൈവകോപത്തിനിടയാക്കും. ഒരു ക്രിസ്തുവിശ്വാസി ഇത്തരം ദുരാചാരങ്ങളെ തങ്ങളുടെ ഇടയിൽ നിന്ന് നീക്കേണ്ടതാണ്. ക്രിസ്തുസഭയിൽ കടന്നുകൂടിയ തെറ്റായ ആരാധന-ആചാരങ്ങളെ ഒന്നൊന്നായി പരിശോധിക്കാം.

## വിശുദ്ധന്മാർ-മദ്ധ്യസ്ഥന്മാർ

'വിശുദ്ധന്മാർ' ദൈവത്തിനും മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥം വഹിക്കുന്നുവെന്നും ആയതിനാൽ ഈ 'വിശുദ്ധന്മാരുടെ' പ്രതിമകൾ അൾത്താരകളിൽ പ്രതിഷ്ഠിക്കണമെന്നും അവയുടെ മുമ്പിൽ മുട്ടുകുത്തിയും മെഴുകുതിരി കത്തിച്ചും പ്രാർത്ഥിച്ചും വണങ്ങണമെന്നും റോമാസഭ പഠിപ്പിക്കുന്നു. അത്ഭുതപ്രവർത്തകരായ വിശുദ്ധന്മാരുടെ പ്രതിഷ്ഠാകേന്ദ്രങ്ങൾ തീർത്ഥാടനകേന്ദ്രങ്ങളായി അറിയപ്പെടുവാൻ തുടങ്ങി. എന്താണ് ദൈവവചനം പഠിപ്പിക്കുന്നത്? "വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്ക്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവയായ ഞാൻ തീഷ്ണതയുള്ള ദൈവം ആകുന്നു" (പുറപ്പാട് 20:4-5). പ്രതിമകളും വിഗ്രഹങ്ങളും വണങ്ങരുത് എന്ന് ബൈബിൾ വ്യക്തമാക്കിയിരിക്കുന്നു. അപ്പോസ്തലനായ പത്രോസ് കൊർന്നല്യോസ് എന്ന മനുഷ്യന്റെ വീട്ടിൽ ചെന്നപ്പോൾ ആദരപൂർവ്വം കൊർന്നല്യോസ് പത്രോസിന്റെ കാൽക്കൽവീണു നമസ്കരിച്ചു. അപ്പോൾ പത്രോസ് പറഞ്ഞു: എഴുന്നേൽക്ക ഞാനും ഒരു മനുഷ്യനത്രേ! എന്നു പറഞ്ഞ് അവനെ എഴുന്നേൽപ്പിച്ചു (അ.പ്ര.10:25-26). പത്രോസ് ആദരവിന് അർഹനാണ്. പക്ഷേ, ആരാധിക്കപ്പെട്ടുകൂടാ. പത്മോസ് ദ്വീപിൽ അപ്പോസ്തലനായ യോഹന്നാന് ഭാവിയിൽ സംഭവിപ്പാനുള്ള കാര്യങ്ങൾ ദൈവസന്നിധിയിൽ നിൽക്കുന്ന ദൂതൻമുഖാന്തരം കാണിച്ചുകൊടുത്തു. വെളിപ്പാടുപുസ്തകം അവസാന അദ്ധ്യായത്തിൽ പറയുന്നു: "കേൾക്കയും കാണുകയും ചെയ്തശേഷം അതു എനിക്കു കാണിച്ചുതന്ന ദൂതന്റെ കാൽക്കൽ ഞാൻ വീണു നമസ്ക്കരിച്ചു. എന്നാൽ അവൻ (ദൂതൻ) എന്നോട് അത് അരുത് ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യനത്രെ. ദൈവത്തെ നമസ്ക്കരിക്ക എന്നു പറഞ്ഞു (വെളി.22:8-9). (തുടരും)



# മലയാളക്കരയിലെ ദൈവങ്ങൾ



**“ദൈവമുണ്ടോ?”**

ഒരു ശരാശരി മലയാളിയോടു ചോദിച്ചാൽ എന്തായിരിക്കും ഉത്തരം?

**‘ഉണ്ടില്ല’** എന്നേ പറയൂ!

ഒരു പരിധിയിൽ കൂടുതൽ ദൈവത്തെക്കുറിച്ച് ആലോചിച്ചു സമയം കളയാൻ മലയാളി മെനക്കെടില്ല-സ്വന്തം കാര്യം കഴിഞ്ഞേ ദൈവമുള്ളൂ! ധർമ്മദൈവം ബാധയായി മാററുതല്ലോ!

നെഞ്ചത്തും മൂക്കിലും കവിളിലും നാക്കിലും ശൂലങ്ങൾ കുത്തിനിറച്ച് ഉത്സവത്തിനു കാവടി തുള്ളുന്ന സാധാരണക്കാരൻ പിറ്റേദിവസം പാർട്ടി ഓഫീസിൽ പത്രം വായിച്ചും പ്രത്യയശാസ്ത്രം ചർച്ചചെയ്തും വിളങ്ങുന്നതു കാണാം.

കെ. ദാമോദരന്റെ ‘പാട്ടബാക്കി’ എന്ന വിശ്രുത നാടകത്തിലെ ഒരു രംഗത്തിൽ വിശന്നുവലഞ്ഞ ബാലൻ അമ്മയോടു പറയുന്നത് ഇങ്ങനെയാണ്: “ഈ ദൈവം എന്തൊരു ക്രൂരനാണമ്മേ! എനിക്ക് ദൈവത്തെ ഇഷ്ടമില്ല!. എനിക്കു വിശക്കുന്നു.”

‘പരസ്യദൈവനിന്ദ’കൾക്കു തുടക്കമിട്ടത് ‘പാട്ടബാക്കി’യിൽ നിന്നായിരിക്കാം?

ചന്തുമേനോൻ ‘ഇന്ദുലേഖ’യിൽ തട്ടിപ്പുകാരനായ ഒരു ജ്യോതിഷക്കാരനെ നമുക്ക് പരിചയപ്പെടുത്തി യുക്തിചിന്തയ്ക്ക് തുടക്കമിട്ടു എന്നതും മറക്കാനാവില്ല.



കാർട്ടൂണിസ്റ്റും സംവിധായകനുമായിരുന്ന അരവിന്ദന്റെ ‘ചെറിയ മനുഷ്യരും വലിയ ലോകവും’ എന്ന കാർട്ടൂൺ പരമ്പരയിലെ ‘ഗുരുജി’ എഴുപതുകളിലെ യുക്തിചിന്തയുടെയും അറിവിന്റെയും സഹൃദയത്വത്തിന്റെയും പ്രതീകമാണ്.

സഹോദരനയ്യപ്പൻ, കുറ്റിപ്പുഴ കൃഷ്ണപിള്ള, എം. സി. ജോസഫ്, പ്രൊഫ. എം. ടി. കോവൂർ, ഇടമറുക് തുടങ്ങിയവരൊക്കെയാണല്ലോ യുക്തിവാദികളുടെ വഴികാട്ടികൾ. ‘യുക്തിരേഖ’, ‘യുക്തിവാദി’ തുടങ്ങിയ മാസികകളും ഇവരുടേതായി എഴുപതുകളിൽ പുറത്തുവന്നു. കാമ്പിശേരി കരുണാകരന്റെ ജനയുഗം വാരികയിലും ഒരു കഴഞ്ച് യുക്തിവാദം ചേർത്തിരുന്നു.

ദൈവം പ്രപഞ്ചത്തിലെ ഊർജമാണെന്ന് പറഞ്ഞ ഒരു വിശ്വാസിയോട് എം. സി. ജോസഫ് ഒരിക്കൽ ചോദിച്ചു: “എങ്കിൽ, ഈ പള്ളികളും ക്ഷേത്രങ്ങളും എന്തിനാണ്? മതങ്ങൾ തമ്മിലുള്ള വഴക്കും ഒന്നും വേണ്ടല്ലോ. എല്ലാവരും അതങ്ങു സമ്മതിച്ചാൽ പോരേ?. ദേശീയോദ്ഗ്രഥനവുമായി.”

ശ്രീനാരായണഗുരു കണ്ണാടി പ്രതിഷ്ഠ നടത്തിയത് യുക്തിചിന്തയുടെ തുടക്കമായിരുന്നു എന്ന് കരുതുന്നവരുണ്ട്. ‘ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്’ എന്ന് ഗുരു പറഞ്ഞപ്പോൾ ‘ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന് എന്നായി സഹോദരൻ അയ്യപ്പൻ. ഇക്കാര്യം ആരോ ചൂണ്ടിക്കാട്ടിയപ്പോൾ ഗുരു പറഞ്ഞു: “സഹോദരൻ എന്തും പറയട്ടെ. അദ്ദേഹത്തിന്റെ പ്രവൃത്തിയിൽ ദൈവമുണ്ട്.” “ആചാരങ്ങളെല്ലാം ദൈവത്തെ പ്രീതിപ്പെടുത്താനാണെങ്കിൽ ആ ദൈവത്തോട് ഞാൻ യുദ്ധം പ്രഖ്യാപിക്കുന്നു” എന്നു പറഞ്ഞത് സഹോദരൻ അയ്യപ്പനായിരുന്നു.

യുക്തിവാദിയും ദൈവവാദിയും ഒരർത്ഥത്തിൽ വിശ്വാസിയാണ് എന്നതാണ് ഒരു തമാശ! യുക്തിവാദി രക്തമാല്യം അർപ്പിച്ച് മുദ്രാവാക്യം വിളിക്കുമ്പോൾ, ഇവിടുത്തെ ദൈവവാദി പുഷ്പാഞ്ജലി അർപ്പിച്ച് കീർത്തനം ചൊല്ലുന്നു എന്നു മാത്രം. ദൈവത്തിന്റെ സ്വന്തം നാട്ടിലെ വൈരുധ്യ-ഏകാത്മക ദർശനമാണിത്!

യുക്തിവാദികളെ ഭയഭക്തിബഹുമാനങ്ങളോടെയാണ് പണ്ട് പൊതുവേ കണ്ടിരുന്നത്. പേരിനു മുമ്പ് ‘യുക്തിവാദി’ എന്ന ബഹുമതി നൽകി ജനം അവരെ ആദരിച്ചു. ‘യുക്തിവാദി എം. സി. ജോസഫ്’ ‘യുക്തിവാദി കോവൂർ’ എന്നൊക്കെയാണ് അവർ അറിയപ്പെട്ടിരുന്നത്.

പി. കേശവദേവ്, കാക്കനാടൻ, സേതു, മുകുന്ദൻ, വൈലോപ്പള്ളി തുടങ്ങിയവരുടെ കൃതികൾ യുക്തിദർശനത്തിന് കരുത്തു പകർന്നിട്ടുണ്ട്. “എനിക്ക് മനുഷ്യനാണ് വലുത്” എന്ന് ദേവ് പറയുമായിരുന്നു. എഴുത്തച്ഛനെ പരസ്യമായി വിമർശിക്കാൻ അദ്ദേഹം ധൈര്യം കാട്ടി.

വൈലോപ്പള്ളി ലളിതവും ഏകാന്തവുമായ ജീവിതത്തിലൂടെ ദൈവത്തോടു പടപൊരുതി. തൃശ്ശൂർ റൗണ്ടിലൂടെ സൈക്കിളുരുട്ടിപ്പോകുമ്പോഴും അദ്ദേഹം വടക്കുംനാഥനെ നോക്കാറുണ്ടായിരുന്നത്രേ.

‘സഹ്യന്റെ മകനിൽ’ വൈലോപ്പള്ളി ഇങ്ങനെ ചോദിക്കുന്നു:

“ദ്യോവിനെ വിറപ്പിക്കു-
മാവിളികേട്ടോ, മണി-
ക്കോവിലിൽ മയങ്ങുന്ന
മാനവരുടെ ദൈവം?”

സാധാരണ സങ്കല്പകവിയായിട്ടിരിക്കാൻ തന്റെ ശാസ്ത്രബോധം തന്നെ അനുവദിക്കുന്നില്ലെന്നും ചുറ്റും കാണുന്ന ദുഃഖങ്ങൾ ദൈവത്തെയും സങ്കടപ്പെടുത്തുമെന്നും വൈലോപ്പള്ളി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

യുക്തിവാദിയാണെന്നു നടിക്കുന്ന ‘പയ്യൻ’ ഒരവസരത്തിൽ അറിയാതെ ദൈവത്തെ വിളിച്ചതായി ഒരു വി.കെ.എൻ. കഥയിലുണ്ട്. അബദ്ധം മനസിലാക്കിയ പയ്യൻ ഉടനെ മനസിൽപ്പറഞ്ഞു:

“സോറി, ഈശ്വരനില്ല!”

ദൈവം, ആത്മീയത എന്നിവയൊക്കെ വിഷയമാക്കി മഹാകവി അക്കിത്തം എഴുതിയ ലേഖനത്തിന്റെ പേര് അർത്ഥഗർഭമാണ്-‘കറൻസിക്കുള്ളിലെ നൂല്’. എപ്പോഴും കൈകാര്യം ചെയ്യുന്ന കറൻസിക്കുള്ളിൽ ഒരു നൂലുണ്ടെന്ന് നാം ഓർക്കാറില്ല. പക്ഷേ, ആവശ്യം വന്നാൽ ആ നൂൽ ഉണ്ടോ എന്ന് നോട്ടിൽ തപ്പിനോക്കും. ആ നൂലില്ലെങ്കിൽ നോട്ടിന് എന്തുവില?

തെയ്യവേഷങ്ങൾ കെട്ടുന്നവർ ഉത്സവം കഴിയുമ്പോൾ മുടിയഴിച്ച് സാധാരണ മനുഷ്യരായി മാറുന്നു. ദൈവവും മനുഷ്യനും തമ്മിൽ വലിയ വ്യത്യാസമില്ലാതാകുന്ന രൂപാന്തരപ്രാപ്തി! ദൈവം എന്നത് നമ്മളിൽ ഒരാളെന്നു തോന്നിപ്പിക്കുന്ന പ്രവർത്തി.

തോറ്റംപാട്ടുകളിലും ദൈവങ്ങൾ വെറും തമാശക്കാരാണ്. മിക്ക പഴഞ്ചൊല്ലുകളിലും ഇതുതന്നെ സ്ഥിതി. ‘കാശുണ്ടെങ്കിൽ ദൈവമുണ്ട്’ - എന്ന അർത്ഥമുള്ള ഒരു ചൊല്ല് ഇതാണ്: “പാളയിൽ പത്തു നെല്ലുണ്ടെങ്കിൽ മൂലേൽ പത്തു ദൈവമുണ്ട്!”

‘നോക്കാത്ത തേവരെ തൊഴരുത്’-എന്നും കേട്ടിട്ടില്ലേ?. ‘വാ കീറിയ ദൈവം ഇരയും നൽകും’ എന്നാണ് മറ്റൊന്ന്.

എന്തിനും ഏതിനും ദൈവത്തെ പഴിചാരുന്നത് നാട്ടുനടപ്പായിരുന്നു. ഒരു കുട്ടി മരിച്ചാൽ ‘ഇഷ്ടപ്പെട്ടവരെ ദൈവം നേരത്തേയെടുത്തു’ എന്നാകും ഡയലോഗ്, പ്രായമായവർ പെട്ടെന്ന് മരിച്ചാൽ ‘ദൈവം വിളിച്ചു’ എന്നും! അകാലമരണമാണെങ്കിൽ - ‘ദൈവമേ ഇതു വേണമായിരുന്നോ?’ എന്നായിരിക്കും ക്വസ്റ്റ്യൻ! കുടുംബത്തിൽ പന്ത്രണ്ടാമതോ പതിമൂന്നാമതോ കുഞ്ഞ് ജനിച്ചാൽ ഗൃഹനാഥൻ പറയും ‘ദൈവം തരുന്നു. അത്രതന്നെ!’

കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ‘ഐതീഹ്യമാലയിൽ’ സദ്യയുണ്ണുന്ന ദൈവങ്ങളുണ്ട്; വയറുവേദന വന്ന് മരുന്നുകഴിക്കുന്ന ദൈവങ്ങളും അന്യോന്യം പിണങ്ങുന്ന ദൈവങ്ങളുമുണ്ട്! ഒരിക്കൽ ഇരിങ്ങാലക്കുടവഴി രാത്രി യാത്ര ചെയ്യുകയായിരുന്ന മഹാവൈദ്യനായിരുന്ന കുട്ടഞ്ചേരി മൂസിന്റെയടുത്ത് മനുഷ്യരൂപത്തിൽ വന്ന കൂടൽമാണിക്യസ്വാമി, തനിക്ക് പുത്തരിച്ചോറുണ്ടതുകൊണ്ട് വയറുവേദനയാണെന്നും മരുന്നുവേണമെന്നും പറഞ്ഞെന്നാണല്ലോ ഐതീഹ്യം. അന്നുതൊട്ടാണത്രേ ഇരിങ്ങാലക്കുട ദേവന് ‘മുക്കുടി നിവേദ്യം’ പതിവായത്!

തിരുവിതാംകൂർ രാജാവുതന്നെയായിരുന്നു മലയാളക്കരയിലെ പ്രത്യക്ഷ ദൈവം. ശ്രീ പത്മനാഭനാകട്ടെ സർക്കാരിന്റെ നായകനും! സർക്കാർ ശമ്പളത്തെക്കുറിച്ചു പോലും ‘ശ്രീപത്മനാഭന്റെ നാലു ചക്രം’ എന്നായിരുന്നു പറയാറുണ്ടായിരുന്നത്. തിരുവിതാംകൂർ ചിത്തിരതിരുനാൾ ക്ഷേത്രപ്രവേശന വിളംബരം പ്രഖ്യാപിച്ചിരുന്നില്ലെങ്കിൽ സമൂഹത്തിലെ വലിയൊരു വിഭാഗം അവിശ്വാസികളോ മറ്റു മതക്കാരോ ആയിപ്പോകുമായിരുന്നു എന്ന് കരുതുന്നവരുണ്ട്.




പേജ് 4 തുടർച്ച

സമീപസ്ഥമായിരിക്കയാൽ മാനസാന്തരപ്പെടുവീൻ” (മത്താ.3:2; മർക്കോ.1:14,15). യോഹന്നാൻ സ്നാപകന്റെ കാലം മുതൽ സ്വർഗ്ഗരാജ്യം (അഥവാ ദൈവരാജ്യം) പ്രസംഗിക്കപ്പെടുന്നുവെന്നും നാം അതിനെ പ്രാപിക്കണമെങ്കിൽ ഒരു ബലപ്രയോഗം ആവശ്യമാണെന്നും യേശുക്രിസ്തു പറഞ്ഞു. എബ്രായർ 6:20-ൽ കാണുന്നപ്രകാരം ഈ യേശുവാണ് നമ്മുടെ മുന്നോടിയും നേതാവും. അവന്റെ കാൽച്ചുവടുകൾ പിൻപറ്റുവാൻ നാം അഭ്യസിക്കുന്നു എങ്കിൽ അവനെപ്പോലെ ‘എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യാനത്രേ ഞാൻ വന്നിരിക്കുന്നത്” എന്ന് നാമും പറയും. ദൈവഹിതത്തിനായും, ദൈവഹിതത്തിലും മാത്രം ജീവിക്കാൻ നാം നിർബന്ധിതരാകും. ഓരോ പരീക്ഷയിലും ഓരോ സാഹചര്യത്തിലും നാം ദൈവഹിതം കണ്ട് അതിന് സ്വയം കീഴ്പ്പെടുത്തേണ്ടിയിരിക്കുന്നു.

ദൈവഹിതത്തിൽ നിന്നുള്ള തിരിവ് മനുഷ്യന്റെ വീഴ്ചയോടെയാണ് സംഭവിച്ചത്. ജീവനും അനുഗ്രഹവും പ്രദാനം ചെയ്യുന്ന ദൈവഹിതത്തിലേക്ക് നമ്മെ മടക്കിക്കൊണ്ടുവരാനാണു ക്രിസ്തു ഭൂമിയിലേക്കു വന്നത്. യേശു സ്വന്തജഡത്തിൽ പാപത്തെ ജയിക്കുകയും, മനുഷ്യജീവിതത്തെ പരിപൂർണ്ണതയിലേക്ക് നയിക്കുകയും ചെയ്യുന്ന വഴിയിൽ ദൈവഹിതത്തിനായി മനുഷ്യൻ വിലപ്പെട്ടതായി കരുതുന്ന എല്ലാറ്റിനേയും-സ്വന്തജീവനേപ്പോലും-ബലിയർപ്പിക്കുകയാണു ചെയ്തത്.

ദൈവം ക്രിസ്തുവിൽ ചെയ്ത അളവിനൊത്തവണ്ണം നമ്മെയും തികഞ്ഞവരാക്കാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവഹിതം നിറവേറ്റുന്ന വഴിയിൽ നമ്മെ പൂർണ്ണരാക്കാൻ; ക്രിസ്തുവിൽ ആവസിച്ച ദൈവത്തിന്റെ അത്യന്തശക്തി അനുദിനം വിശ്വാസമുള്ള ഹൃദയങ്ങളെ അന്വേഷിച്ച് കാത്തിരിക്കുന്നു-അതേ നമ്മെ പരിപൂർണ്ണരാക്കാൻ.




പേജ് 2 തുടർച്ച

എന്റേതുതന്നെ.”

ഇക്കഥയിലെ ആട്ടിടയന്റെ ഉത്തരങ്ങൾ കേൾക്കുമ്പോൾ കഥയിലെ ചോദ്യകർത്താവിനു സംഭവിച്ചതുപോലെ നമ്മുടെയും ക്ഷമ നശിക്കും. എന്തു കഥയില്ലാക്കഥയാണിത്. അല്ലേ?

ഗ്രന്ഥകാരനായ കാർലോസ് വാലസിന്റെ വിവരണമനുസരിച്ച് ആദ്ധ്യാത്മികാചാര്യനായിരുന്ന ടോണി ഡിമെല്ലോയ്ക്ക് ഏറെ ഇഷ്ടപ്പെട്ട കഥകളിലൊന്നാണിത്. അകാലത്തിൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ ഡിമെല്ലോയ്ക്ക് ഇക്കഥ ഇഷ്ടപ്പെടാനുള്ള കാരണങ്ങളെന്താണെന്നു പിന്നീട് വിവരിക്കുന്നുണ്ട്.

നാം മനുഷ്യരെ ഏതെല്ലാം രീതിയിൽ തരംതിരിക്കാറുണ്ട്! ജാതിയുടെയും മതത്തിന്റെയും നിറത്തിന്റെയും അറിവിന്റെയും സമ്പത്തിന്റെയുമൊക്കെ പേരിൽ തരംതിരിക്കാറില്ലേ? ആളുകളെ ഇങ്ങനെ തരംതിരിക്കുന്നതിൽ യുക്തിയുണ്ടെന്ന് ചിലർ വാദിച്ചേക്കാം. എന്നാൽ, ഈ തരംതിരിക്കലുകളിൽ ഒരു പരിധിക്കപ്പുറം അല്പം പോലും യുക്തിയില്ലെന്ന് ആർക്കാണ് അറിയാത്തത്?

ഒരേ ദൈവത്തിന്റെ മക്കളാണ് മനുഷ്യരായ നാമെല്ലാവരും. കാലദേശ വ്യത്യാസമനുസരിച്ച് നമ്മിൽ ചുരുക്കം ചില വ്യത്യാസങ്ങൾ കണ്ടേക്കാം. എന്നാൽ, അത് ഒരു കൂട്ടരുടെ അഭ്യുന്നതിക്കും വേറൊരു കൂട്ടരുടെ അടിച്ചമർത്തലിനുള്ള കാരണമാകുന്നതു ശരിയാണോ?

മനുഷ്യരെ വിവിധ രീതിയിൽ തരംതിരിക്കുന്ന പ്രവണത നമ്മിലുണ്ടെങ്കിൽ അതിന്റെ യുക്തിരാഹിത്യത്തെക്കുറിച്ചു ആടുകളുടെ കഥയിലൂടെ നമുക്ക് ഓർമിക്കാം. അതുപോലെ, മനുഷ്യരെല്ലാം ദൈവത്തിന്റെ മുമ്പിൽ തുല്യരാണെന്ന സത്യം അനുസ്മരിച്ചുകൊണ്ട് ആളുകളെ അകാരണമായി തരംതിരിച്ചു മാറ്റിനിർത്തുന്ന ദുഷ്പ്രവണത നമുക്കുപേക്ഷിക്കാം.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

## വേദപണ്ഡിതരായവരുടെ അറിവിനെയും വിജ്ഞാനത്തെയും അംഗീകരിക്കാതെ അവരെ വിമർശിക്കുന്നതിനുള്ള കാരണം എന്താണ്?

**കഴിഞ്ഞലക്കം തുടർച്ച**

ഓരോ വിഭാഗവും തങ്ങളുടെ വാദത്തിനു ബലം കിട്ടാനും വിവിധ വിഭാഗങ്ങൾക്കിടയിൽ അംഗീകാരം കിട്ടുന്നതിനും വേണ്ടി മുമ്പേ നാം പരിഗണിച്ച പാരമ്പര്യങ്ങളും രേഖകളുടെ കൈയെഴുത്തുപ്രതികളും മുൻകാല ചരിത്രവും എല്ലാം ഉപയോഗിച്ച് തങ്ങൾക്ക് അനുകൂലമായ വിധത്തിൽ വ്യാഖ്യാനങ്ങളും പുനരാഖ്യാനങ്ങളും നിർമ്മിച്ചെടുത്തു.ഇവിടെ നാം ശ്രദ്ധിക്കേണ്ടത്, ഇക്കൂട്ടർ ആരുംതന്നെ പാരമ്പര്യമോ, ചരിത്രമോ, വിവിധ കൈയെഴുത്തുപ്രതികളോ ഉപയോഗിച്ചത് ചരിത്രപരമായ അന്വേഷണത്തിന്റെ ഭാഗമായിട്ടല്ല. പിന്നെയോ വിപ്രവാസാനന്തര യഹൂദസമൂഹം എങ്ങനെ കെട്ടിപ്പടുക്കണം, അതിന്റെ നേതൃത്വം ആർക്കായിരിക്കണം തുടങ്ങിയ താല്പര്യങ്ങളാൽ സ്വാധീനിക്കപ്പെട്ടാണ്. പണ്ടുപണ്ട് എന്തു സംഭവിച്ചു എന്നു പറയാനുള്ള താല്പര്യം നിമിത്തമല്ല പിന്നെയോ വിപ്രവാസത്തിനുശേഷമുള്ള യഹൂദജനതയുടെ വർത്തമാനവും ഭാവിയും ഏതുവിധത്തിലായിരിക്കണം എന്ന താല്പര്യം നിമിത്തമാണ്. അപ്പോൾ ബൈബിളിലെ ഒരു പുസ്തകവും ചരിത്രമല്ല പറയുന്നത്, പിന്നെയോ ചരിത്രത്തിന്റെ വ്യാഖ്യാനമാണ്.

അതിപ്രധാനമായ ഒരു കാര്യം ബൈബിൾ പ്രത്യേക പരിശീലനം സിദ്ധിച്ചവർക്കു മാത്രം വ്യാഖ്യാനിക്കാൻ പറ്റുന്ന ഒരു ഗ്രന്ഥമാണെന്ന് നാം അറിഞ്ഞിരിക്കണം. കൃത്യമായ വ്യാഖ്യാനരീതികൾ അവലംബിക്കാതെ ചിന്തയിൽ ഉടലെടുക്കുന്ന കാര്യങ്ങൾ വ്യാഖ്യാനമായി പറയുന്നതിനെ അംഗീകരിക്കാനാകില്ല. അന്യോപദേശ (അലഗോറിക്കൽ) വ്യാഖ്യാന രീതി ആദ്യകാല ക്രിസ്ത്യൻ വ്യാഖ്യാന രീതികളെ നിർണ്ണായകമായി സ്വാധീനിച്ചതായി കാണുവാൻ കഴിയും. അലക്സാണ്ഡ്രിയായിലെ ഫിലോയാണ് ബൈബിളിനെ ഇത്തരത്തിൽ വ്യാഖ്യാനിക്കുന്നതിൽ അഗ്രഗണ്യനായിരുന്നത്. ഗ്രീക്കു തത്വചിന്തയുടെ വലിയ സ്വാധീനമുണ്ടായിരുന്ന ഈജിപ്തിലെ അലക്സാണ്ഡ്രിയായിൽ ജീവിച്ച ഫിലോ ഗ്രീക്കു വ്യാഖ്യാനരീതിയായ അന്യോപദേശവ്യാഖ്യാനത്തെ അതേപടി പഴയനിയമ വ്യാഖ്യാനത്തിന് ഉപയോഗിക്കുകയായിരുന്നു. ഒരുദാഹരണം, അബ്രഹാം സ്വന്തം ദേശം ഉപേക്ഷിച്ചു നടത്തുന്ന യാത്രയെ ദൈവത്തിനുവേണ്ടിയുള്ള മനുഷ്യാത്മാവിന്റെ അന്വേഷണമായിട്ടാണ് ഫിലോ വ്യാഖ്യാനിച്ചത്. ഇതിന്റെ ചുവടുപിടിച്ച് ഒറിജനെപ്പോലുള്ള വിഖ്യാത ക്രിസ്ത്യൻ വ്യാഖ്യാതാക്കൾ പുതിയ നിയമത്തിനും വ്യാഖ്യാനങ്ങൾ സൃഷ്ടിച്ചു. സിറിയയിലെ അന്ത്യോക്യയിൽ ബൈബിളിനെ വ്യാഖ്യാനിച്ചതു മറ്റൊരു രീതിയിലാണ്. പഴയനിയമമെല്ലാം പുതിയനിയമത്തിന്റെ മുന്നോടിയായും അതിലെ കഥാപാത്രങ്ങളെല്ലാം യേശുവിന്റെ വാർപ്പുമാതൃകകളായും പരിഗണിക്കപ്പെട്ടു. (അതുകൊണ്ട് ഈ വ്യാഖ്യാനരീതിയെ typological എന്നു വിളിക്കുന്നു.) അബ്രഹാമിന്റെ ബലിയെ യേശുവിന്റെ ബലിയർപ്പണത്തിന്റെ മാതൃകയായി കാണുന്നതും, അബ്രഹാം പരിചരിച്ച മൂന്ന് അതിഥികളെ (ഉല്പത്തി 18:2) ത്രിത്വത്തിന്റെ ആദിരൂപമായി കാണുന്നതും ഒക്കെ ഇത്തരം വ്യാഖ്യാനരീതിക്ക് ഉദാഹരണങ്ങളാണ്.

ചുരുക്കത്തിൽ അലഗോറിക്കൽ വ്യാഖ്യാനരീതിയും ടിപ്പോളജിക്കൽ വ്യാഖ്യാനരീതിയും ഒരേ ധാരണയാണു ബൈബിളിനെക്കുറിച്ച് പുലർത്തിയത്: ബൈബിളിലെ ഓരോ വാക്കിനും ഒരു വാച്യാർത്ഥവും ഒരു ആന്തരികാർത്ഥവും ഉണ്ട് എന്ന യാഥാർത്ഥ്യം പലർക്കും അറിയില്ല എന്നതാണ് വസ്തുത.



ഈ ആന്തരികാർത്ഥം ഗ്രഹിക്കാൻ ആർക്കാണു സാധിക്കുക? മുൻപറഞ്ഞ കാര്യങ്ങളോടു ചേർത്ത് മറ്റു രണ്ടു വസ്തുതകൾ കൂടി നാം പരിഗണിക്കേണ്ടതുണ്ട്. ആദ്യത്തേത് ഇതാണ്: ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ കവിതാവിഭാഗത്തിൽ പ്രൊഫസറായി ജോലിയെടുത്തതിനുശേഷം അതു രാജിവച്ച് ആംഗ്ലിക്കൻ സഭയിൽ സേവനമനുഷ്ഠിക്കുകയും പിന്നീട് ലണ്ടനിലെ ബിഷപ്പായി പ്രവർത്തിക്കുകയും ചെയ്ത Robert Lowth 1752-ൽ ഒരു പുസ്തകമെഴുതി: "Lectures on the Sacred Poetry of the Hebrews" ബൈബിളിലെ പാട്ടുകളും പ്രാർത്ഥനകളും ഒക്കെ ഹീബ്രുകവിതയിലെ പ്രാസവും മറ്റു കവിതാനിയമങ്ങളും അനുസരിച്ചാണെന്ന് ആ ഗ്രന്ഥം സ്ഥാപിച്ചു. അപ്പോൾ ഒരു കവിത വായിച്ചു മനസ്സിലാക്കുന്ന രീതികൾ ബൈബിളിലെ ചില ഭാഗങ്ങൾ ഗ്രഹിക്കാൻ ആവശ്യമാണെന്നു വരുന്നു.

നാം പരിഗണിക്കുന്ന രണ്ടാമത്തെ വസ്തുത, ആദ്യകാല ഹെബ്രായ രേഖകളിൽ വ്യഞ്ജനാക്ഷരങ്ങൾ മാത്രമാണ് ഉപയോഗിച്ചിരുന്നത് എന്നതാണ്. സ്വരാക്ഷരങ്ങൾ നൂറ്റാണ്ടുകൾക്കുശേഷം ചേർക്കപ്പെട്ടതാണ്. 'കതക' എന്നെഴുതപ്പെട്ടത് 'കതക്' എന്നോ 'കൊതുക്' എന്നോ വായിക്കാമല്ലോ. 'പമ്പ' എന്നെഴുതപ്പെട്ടത് 'പമ്പ' എന്ന പുഴയോ, പാമ്പ് എന്ന

| Biblical Manuscripts Compared to Selected Ancient Sources | | | | | |
|---|---|---|---|---|---|
| **Author** | **Ancient Source** | **Date of Original** | **Earliest Manuscript** | **Gap from Original** | **Manuscript Copies** |
| Plato | *Dialogues/Tetralogies* | 4th cent. BC | 3rd cent. BC | c. 150 years | c. 210-240 |
| Homer | *Iliad* | 9th cent. BC | c. 400–415 BC | c. 450 years | c. 1800+ |
| Herodotus | *History* | 5th cent. BC | 2nd–1st cent. BC | c. 450 years | c. 100+ |
| Thucydides | *History of the Peloponnesian Wars* | 5th cent. BC | 3rd cent BC | c. 200 years | c. 185 |
| Demosthenes | *Orations/Speeches* | 4th cent. BC | 1st cent. BC | c. 300 years | c. 440+ |
| Aristophanes | Assorted works | 448–385 BC | AD 900 | c. 1,300 years | 10 |
| Sophocles | *Plays* | 5th cent. BC? | 3rd cent. BC | c. 200 years | c. 220+ |
| Julius Caesar | *The Gallic Wars* | 58–44 BC | 9th cent. AD | c. 900 years | c. 250 |
| Tacitus | *Annals of Imperial Rome* | AD 58-120 | 9th–11th cent. AD | c. 800–1000 years | c. 33+ |
| Suetonius | *The Twelve Caesars* | AD 118–120 | 9th cent. AD | c. 800 years | c. 8+ |
| Pliny, the Elder | *Natural History* | 1st cent. AD | 5th /14th–15th cent. AD | c. 400–1500 years | c. 200 |
| **Greek New Testament Manuscripts** | | **AD 45–100** | **AD 117–325** | **30–300 years** | **5,856** |
| **Non-Greek New Testament manuscripts (translations)** | | | | | **18,000+** |
| | | | | **Total New Testament manuscripts** | **c. 24,000** |
| | | | | **Old Testament scrolls and codices (in various collections)[4]** | **c. 42.000** |
| | | | | **Total biblical manuscripts** | **c. 66,000+** |

Source: Adapted and updated from H. Wayne House and Joseph M. Holden, *Charts of Apologetics and Christian Evidences* (Grand Rapids, MI: Zondervan, 2006), Chart 43.

ജീവിയോ, 'പമ്പ്' എന്ന ഉപകരണമോ ആകാമല്ലോ. ഇതേ പ്രശ്നം ഹെബ്രായ ഭാഷയിലുമുണ്ട്. 'സാഫർ' എന്നാൽ 'അവൻ എഴുതി' എന്നർത്ഥം. 'സോഫർ' എന്നാൽ എഴുത്തുകാരന്, സെക്രട്ടറി എന്നൊക്കെയർത്ഥം. 'സോഫർ' എന്നാൽ രേഖ; സഫാർ എന്നാൽ സെൻസസ് എന്നിങ്ങനെ പോകുന്നു വാക്കുകളും അർത്ഥങ്ങളും. മറ്റൊരു കാര്യം, അക്കാലത്ത് കുത്ത്, കോമ തുടങ്ങിയ ചിഹ്നങ്ങളുപയോഗിച്ചിരുന്നില്ല. അക്ഷരങ്ങൾക്കിടയിൽ ഇടമൊട്ടുമില്ലാതെ തുടർച്ചയായി എഴുതപ്പെട്ടുപോന്നു. (മൺകല കഷണങ്ങൾ, പാറകൾ, തുകലുകൾ തുടങ്ങിയ എഴുതാനുപയോഗിച്ചവയുടെ ദൗർലഭ്യം മൂലമാകാം ഇത്). ഇവയ്ക്ക് ചിഹ്നങ്ങളും സ്വരാക്ഷരങ്ങളും നല്കപ്പെട്ടത് എ.ഡി.10-ാം നൂറ്റാണ്ടിനോട് അടുത്താണ് (മാസോറെറ്റിക് രേഖ എന്ന് ഇത് അറിയപ്പെടുന്നു). ഇതിൽനിന്നു വ്യക്തമാകുന്നത്, ആദ്യകാല രേഖകളുടെ രചനയ്ക്കു നൂറ്റാണ്ടുകൾക്കു ശേഷമാണ് ചില യഹൂദ പണ്ഡിതർ അവരുടെ നിഗമനങ്ങളനുസരിച്ച് ഇന്നത്തെ ബൈബിൾ രചിച്ചത് എന്നാണല്ലോ. നാം ഇന്നു വായിക്കുന്ന ദൈവവചനത്തിലെല്ലാം അത് ദൈവശാസ്ത്രീയമായിരിക്കത്തന്നെ അതിനുപിന്നിൽ മനുഷ്യന്റെ നിഗമനങ്ങളും വ്യാകരണങ്ങളും എല്ലാമുണ്ടെന്നു സാരം.

ബൈബിളിനെ സംബന്ധിച്ചു നാം പുലർത്തുന്ന ചില അടിസ്ഥാനധാരണകളെക്കുറിച്ച് കഴിഞ്ഞലക്കം പരാമർശിച്ചിരുന്നല്ലോ. നാം ഇതുവരെ പരിഗണിച്ച വസ്തുതകളുടെ വെളിച്ചത്തിൽ പ്രസ്തുത ധാരണകളെ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ബൈബിൾ ദൈവനിവേശിതമാണ് എന്നതുകൊണ്ട് ദൈവം നേരിട്ടെഴുതിയെന്നോ, എല്ലാ കാര്യങ്ങളും നേരിട്ട് അരുൾചെയ്തെന്നോ കരുതാനാവില്ല എന്നതു മുൻപറഞ്ഞ കാരണങ്ങൾകൊണ്ട് സുവിദിതമാണല്ലോ. മനുഷ്യവ്യക്തികളുടെ പങ്ക് ബൈബിളിന്റെ രചനയിൽ സുവ്യക്തമാണ്. അതുകൊണ്ടുതന്നെ അവയ്ക്കിടയിൽ വൈരുദ്ധ്യങ്ങൾ സ്വാഭാവികവുമാണ്. ഈ വൈരുദ്ധ്യങ്ങൾ പല കാലത്ത് എഴുതപ്പെട്ട രേഖകൾ ചേർത്തുവച്ചതുകൊണ്ട് സംഭവിച്ചതാണ്. ഇവയെയെല്ലാം ഗൗരവമായി കണക്കിലെടുത്ത് അന്വേഷണങ്ങളിലൂടെ കണ്ടെത്തേണ്ടതാണ് ബൈബിളിലെ അർത്ഥങ്ങൾ. മോശയ്ക്കു യഹോവ നല്കിയതും തുടർന്ന് അതിന്റെ നിഗൂഢാർത്ഥം തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ടതും അങ്ങനെ എല്ലാവർക്കും വ്യാഖ്യാനിക്കാവുന്നതുമാണ് പഞ്ചഗ്രന്ഥി എന്ന ധാരണ ചരിത്രപരമായി വിലയിരുത്തുമ്പോൾ തികച്ചും തെറ്റാണെന്ന് ബോധ്യമാകും. വിവാദമാകുമെന്നതിനാൽ പ്രസ്തുത വിഷയങ്ങൾ ഇവിടെ പരാമർശിക്കുന്നില്ല. പല നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന മനുഷ്യർ ദൈവദർശനവും ദൈവം നൽകിയ അറിവുകളും ഉപയോഗിച്ച് രേഖപ്പെടുത്തിയവയാണ് ബൈബിളിലെ എല്ലാ പുസ്തകങ്ങളും. ഏതൊരു ബൈബിൾ വ്യാഖ്യാനവും ബൈബിളിന്റെ ഈ പിന്നാമ്പുറ ചരിത്രത്തോട് വിശ്വസ്തത പുലർത്തേണ്ടതുണ്ട്.

ഗൗരവമായ അന്വേഷണങ്ങളിലൂടെ മാത്രമേ കൃത്യമായി കാര്യങ്ങൾ വ്യാഖ്യാനിക്കാൻ സാധിക്കൂ. എഴുതപ്പെട്ട കാലത്തെ ഭാഷ, സംസ്കാരം, ചരിത്രം തുടങ്ങി ഒട്ടനവധി വിഷയങ്ങളിൽ പഠനം ഉള്ളവർ മാത്രം ബൈബിൾ വ്യാഖ്യാനിക്കട്ടെ. ബൈബിൾ സംബന്ധിയായ എല്ലാ അന്വേഷണങ്ങളെയും എതിർക്കുന്നവർ ബൈബിൾ രൂപപ്പെട്ടുവന്ന ചരിത്രത്തോട് ഒട്ടുമേ വിശ്വസ്തത പുലർത്തുന്നില്ല എന്നതു പ്രത്യേകം പറയേണ്ടതില്ലല്ലോ.

WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com
YouTube vedabhimani

# VEDABHIMANI
EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2018-2020
Licence No. KL/CR/MVK/WPP-03/2018-20
Licensed to post without prepayment
Posted on 15, 20 Sept: 2020 at RMS Kayamkulam
Published on Ist Sept: 2020
RNI Registered No. KERMAL/2002/7361

## ഡക്കോട്ട ഗട്ടറിൽ വീണപ്പോൾ




ഒരു മീറ്റിംഗിൽ പങ്കെടുക്കാനാണ് അദ്ദേഹം ഡൽഹിയിലെത്തിയത്. പക്ഷേ, പിറ്റേന്നുതന്നെ നാട്ടിലെത്തണമെന്നു ഫോൺ വന്നു. എന്തു ചെയ്യും? ഡൽഹിയിലേക്കു തീവണ്ടിയിലാണു വന്നത്. ഉടനെ തിരിച്ചുചെല്ലണമെങ്കിൽ വിമാനത്തിൽ പോകണം. അതോർത്തപ്പോൾ ദേഹമാകെ വിറച്ചു. വിമാനം കാണുന്നതേ പേടിയാണ്; പിന്നെയാണു കയറുന്നത്. ആകാശത്തുവച്ച് വിമാനം തകർന്നാലോ...?

ജറ്റ് വിമാനങ്ങളല്ല, ആകാശത്തു താഴ്ന്നുപറക്കുന്ന ഡക്കോട്ട വിമാനങ്ങളായിരുന്നു അക്കാലത്തുണ്ടായിരുന്നത്. അവ ഇടയ്ക്കിടെ എയർപോക്കറ്റിൽ വീഴും. വിമാനം ആകാശ ഗട്ടറിൽ ചാടുമ്പോൾ യാത്രക്കാരിൽ ചിലർ ഛർദ്ദിച്ചെന്നിരിക്കും... വിമാനച്ചൊരുക്ക്! അതും വിമാനപ്പേടിക്കു മറ്റൊരു കാരണം. എന്തായാലും കൂട്ടുകാർ ടിക്കറ്റെടുത്ത് അദ്ദേഹത്തെ പിറ്റേന്നു രാവിലെ വിമാനത്താവളത്തിലെത്തിച്ചു. മൂപ്പർ ഒരുവിധത്തിൽ വിമാനത്തിൽ കയറി.



പുഷ്പകം ഉയർന്നുപൊങ്ങിയതോടെ ഭയം ആവേശിച്ചു. വെറും പേടിയല്ല, മരണഭയം! പേടിമാറ്റാൻ കീർത്തനങ്ങൾ ഉറക്കെച്ചൊല്ലാൻ തുടങ്ങി! ഭക്തിഗാനം കേട്ട് എയർഹോസ്റ്റസ് എത്തിനോക്കി. പേടിയുണ്ടെങ്കിൽ ജനാലയിലൂടെ മേഘങ്ങളെ നോക്കി രസിക്കാനായിരുന്നു സുന്ദരിയുടെ ഉപദേശം. പുറത്തുള്ള മേഘങ്ങൾ കണ്ടതോടെ അദ്ദേഹം കൂടുതൽ ഭയവിവശനായി. വിമാനം വൈകാതെ എയർപോക്കറ്റിൽ വീണുയർന്നു. അതോടെ ഛർദ്ദിച്ചവശനായ അദ്ദേഹം തളർന്നു മയങ്ങിപ്പോയി. വിമാനം നാട്ടിലിറങ്ങിയപ്പോഴാണ് ഉണർന്നത്. പിന്നെ, സമയംകളഞ്ഞില്ല, "ആകാശശകട"ത്തിൽ നിന്ന് ജീവനുംകൊണ്ട് ഇറങ്ങിയോടി. വീട്ടിൽ രണ്ടുദിവസം പനിച്ചുകിടന്നു. പനിക്കിടയിൽ കിടന്ന് വിമാനയാത്രയെക്കുറിച്ച് ഒരു കവിതയും കാച്ചി.

"പെട്ടെന്നു പൊങ്ങി വിമാനം
ഫുട്ബോൾ തട്ടിയ മട്ടിലായി ഞാനും"

-ഇതായിരുന്നു കവിതയുടെ രീതി. ആരായിരുന്നു അദ്ദേഹം? വിദ്യാഭ്യാസവിദഗ്ധനും, സാംസ്കാരികപ്രവർത്തകനും, എഴുത്തുകാരനും, കവിയുമൊക്കെയായിരുന്ന ഡോ. എസ്. കെ. നായർ!

ഇനി പ്രേംനസീറിന്റെ ആദ്യവിമാനയാത്രയെക്കുറിച്ച്. പേടി മാറ്റാൻ വയർ നിറയെ ബിരിയാണി കഴിച്ചശേഷമാണു നസീർ വിമാനത്താവളത്തിലെത്തിയത്. സുഹൃത്തും വഴികാട്ടിയുമായ നടൻ മുത്തയ്യ സ്റ്റഡി ക്ലാസെടുത്തിരുന്നതിനാൽ യാത്രയിൽ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അദ്ദേഹം മനസിലാക്കിയിരുന്നു. വിമാനമുയർന്നു. തെല്ലുകഴിഞ്ഞപ്പോൾ ഡക്കോട്ട ഗട്ടറിൽ ചാടി. നസീർ ഛർദി തുടങ്ങി. തൊട്ടടുത്ത സീറ്റിൽ ചില്ലറക്കാരനായിരുന്നില്ല, കേരള ഗവർണർ രാമകൃഷ്ണ റാവു! അദ്ദേഹത്തിന്റെ ദേഹത്തൊക്കെ ഛർദി പറ്റി.

"പേടിക്കേണ്ട ഛർദിച്ചോളൂ!" -ഗവർണർ പ്രോത്സാഹിപ്പിച്ചതോടെ നസീറിന് ആശ്വാസമായി. ഡൽഹിയിൽ ഏറെനാൾ പത്രപ്രവർത്തകനായിരുന്ന വി. കെ. മാധവൻകുട്ടിക്കും വിമാനയാത്ര ഭയമായിരുന്നു.

നമ്മുടെ ആദ്യകാല വിമാനയാത്രകൾ രസകരവും അതേസമയം കഷ്ടപ്പാട് നിറഞ്ഞതുമായിരുന്നു. കൊച്ചിയിലും തിരുവനന്തപുരത്തും വന്നിറങ്ങിയ ഡക്കോട്ട വിമാനങ്ങൾ ചരക്കുനീക്കത്തിനുപോലും ഇന്ന് ഉപയോഗിക്കുന്നില്ല. ജറ്റ് വിമാനങ്ങൾ എൺപതുകളിലാണു പറന്നുതുടങ്ങിയത്. ആദ്യം രണ്ടുവിമാനത്താവളങ്ങളേ കേരളത്തിലുണ്ടായിരുന്നുള്ളു. തിരുവനന്തപുരവും കൊച്ചിയും. കൊച്ചിയിലേതു നേവൽബേസിലുള്ള എയറോഡ്രോമായിരുന്നു. സിവിലിയന്മാരും ഇതാണ് ഉപയോഗിച്ചിരുന്നതെന്നു മാത്രം. ഗൾഫ് യാത്രകൾ വ്യാപകമായതോടെ ഈ വിമാനത്താവളങ്ങൾ യാത്രക്കാരുടെയും ഉറ്റവരുടെയും കണ്ണുനീരിനും സന്തോഷങ്ങൾക്കും വേദിയായി. എത്രയെത്ര വിരഹങ്ങൾ, പുനഃസമാഗമങ്ങൾ!

കേരളത്തിലെ രാജാക്കന്മാർ സർവശക്തരായിരുന്നെങ്കിലും ലളിതജീവിതം നയിച്ചിരുന്ന അവർ വിമാനയാത്ര നടത്തിയിരുന്നില്ല. തിരുവിതാംകൂർ മഹാരാജാവായി സ്ഥാനമേറ്റശേഷം ചിത്തിര തിരുനാളും കുടുംബാംഗങ്ങളും നടത്തിയ യൂറോപ്യൻ പര്യടനം വിമാനത്തിലല്ല, കപ്പലിലായിരുന്നു. മഹാരാജാവ് എത്രയോ പാടുപെട്ടാണ് ഒരു വിമാനം വാങ്ങി, തിരുവിതാംകൂറിനു വ്യോമസേനയുണ്ടാക്കിയത്! ആ വിമാനം കണ്ട് കൊതിതീരും മുമ്പേ ഐക്യകേരളം പിറന്നു. രാജാവ് രാജപ്രമുഖനായി. ഐക്യകേരള രൂപീകരണവേളയിൽ രാജപ്രമുഖർ സ്ഥാനത്തിനായി നടന്ന ചർച്ചയിൽ പങ്കെടുക്കാനാണു കൊച്ചി രാജാവ് പരീക്ഷിത്ത് തമ്പുരാൻ ആദ്യമായി വിമാനത്തിൽ കയറിയത്. കൊച്ചിയിൽ നിന്നു തിരുവനന്തപുരംവരെ. ഈ വിമാനയാത്രകൊണ്ടാവാം, കൊച്ചി രാജാവ് രാജപ്രമുഖ തർക്കത്തിൽ നിന്നു പിന്മാറി; ചിത്തിര തിരുനാൾ രാജപ്രമുഖനാവുകയും ചെയ്തെന്നാണു കഥ.

തിരുവിതാംകൂർ മഹാരാജാവ് ചിത്തിര തിരുനാളിനേക്കാൾ രാജകീയവിമാനം ഉപയോഗിച്ചിരുന്നതു ദിവാൻ സർ. സി. പി.യായിരുന്നു. ഐതിഹാസികമായ പുന്നപ്ര -വയലാർ വെടിവയ്പ്പിനുശേഷം ചേർത്തല ഭാഗത്തുകൂടി സി. പി. വിമാനത്തിൽ കറങ്ങി വെടിയേറ്റുവീണവരുടെ മൃതശരീരങ്ങൾ വീക്ഷിച്ചിരുന്നത്രേ!

## മരുഭൂമിയിലെ യാത്രക്കാർ



ഒരിക്കൽ മരുഭൂമിയിൽ വച്ച് ഒരു യാത്രക്കാരന് വഴി തെറ്റി. ഭക്ഷണമോ, ജലമോ ലഭിക്കാതെ രണ്ടു ദിവസം അയാൾ അലഞ്ഞുനടന്നു. ദാഹവും വിശപ്പും ക്ഷീണവും അയാളെ ഏകദേശം മൃതപ്രായനാക്കി. അവസാനം ഒരു എണ്ണപ്പനയുടെ തണലിൽ അഭയം കണ്ടെത്തി. ഒരു ചെറിയ നീരുറവയും അവിടെ ഉണ്ടായിരുന്നു. അയാൾ ഇരുന്നിരുന്ന പനയുടെ ചുവട്ടിലായി ചെറിയൊരു സഞ്ചി കിടക്കുന്നത് അയാളുടെ ശ്രദ്ധയിൽപ്പെട്ടു. അയാൾ സന്തോഷത്തോടെ ആർത്തുവിളിച്ചു. സഞ്ചിയിൽ എന്തെങ്കിലും തിന്നാനുണ്ടാകും. അല്പം പയർമണികളോ, ഉണങ്ങിയ പഴങ്ങളോ അതിൽ കണ്ടേക്കാം. മരണത്തിൽ നിന്നും തല്ക്കാലം രക്ഷപ്പെടാൻ അതു മതിയാകും.

വളരെ പ്രതീക്ഷയോടുകൂടി അയാൾ സഞ്ചി എടുത്തു വേവലാതിയോടും പരിഭ്രമത്തോടും കൂടി സഞ്ചി തുറന്നു. അമൂല്യങ്ങളായ ചില മുത്തുകളായിരുന്നു അതിൽ. പട്ടിണികൊണ്ട് ആ സാധു മനുഷ്യൻ മരണം അഭിമുഖമായി കാണുകയായിരുന്നു. ഇപ്പോൾ അയാളുടെ കൈകളിൽ അമൂല്യമായ മുത്തുകളുണ്ട്. പക്ഷേ, ഈ സമയം ഇതുകൊണ്ട് എന്തു പ്രയോജനം?

അവസാനം അയാൾ ദൈവസന്നിധിയിലേക്കു കണ്ണുകളുയർത്തി മുട്ടിപ്പായി പ്രാർത്ഥിച്ചു. അതു കഴിഞ്ഞപ്പോൾ ഒരു ഒട്ടകം തന്നെ ലക്ഷ്യമാക്കി നടന്നടുക്കുന്നത് അയാൾ കണ്ടു. അടുത്തെത്തിയപ്പോൾ അതിന്മേൽ ഒരു നീഗ്രോ യുവാവാണ് ഇരിക്കുന്നതെന്ന് മനസിലായി. ഏതാനും മണിക്കൂറുകൾക്കു മുമ്പ് അതേ മരത്തിന്റെ ചുവട്ടിലിരുന്ന് ആ നീഗ്രോ വിശ്രമിക്കുകയുണ്ടായി. അയാൾ തന്റെ പക്കലുണ്ടായിരുന്ന സഞ്ചി അവിടെ വച്ചശേഷം ഒന്നു മയങ്ങി. അവിടെ നിന്നും വീണ്ടും യാത്ര പുറപ്പെട്ടപ്പോൾ അതെടുക്കാൻ മറന്നുപോയി. അതെടുക്കാനാണ് അയാൾ തിരിച്ചുവന്നത്. അതിപ്പോൾ ആ സാധു വഴിപോക്കന്റെ പക്കൽ കണ്ടെത്തിയതിൽ ആ നീഗ്രോ അത്യധികം സന്തുഷ്ടനായി. അയാൾ ആ സാധു മനുഷ്യന് വേണ്ടത്ര ജലവും ആഹാരവും നൽകി അയാളെയും ഒട്ടകപ്പുറത്തു കയറ്റി യാത്ര തുടർന്നു. ആ നിർമ്മല മനഃസാക്ഷി രണ്ടുപേരെയും രക്ഷിച്ചു. അവരിൽ ആരെങ്കിലും ഒരാൾ അത്യാഗ്രഹിയോ, സ്വാർത്ഥനോ ആയിരുന്നെങ്കിൽ....

## ഡയെ്ലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ പണ്ടൊക്കെ പ്രവാസി വന്നാൽ ചെന്നു കാണും... കൊണ്ടു നടക്കും. ഇപ്പോൾ?

ബ്ലസി അഗസ്റ്റിൻ, പൂന്തോപ്പു വാർഡ്, ആലപ്പുഴ

☹ ***കണ്ടാൽ ഓടിക്കും***

☺ വിയർത്ത് കണ്ണീരിൽ കുളിക്കേണ്ടിവരുന്നതെന്തുകൊണ്ട്?

വർഗ്ഗീസ് ഫിലിപ്പ്, പെരുമുട്ടം, പുതുപ്പാടി

☹ ***വരുമാനം കണ്ണീരുപോലെയും, ചെലവ് വിയർപ്പുപോലെയും തുടർന്നാൽ***

☺ സാധാരണക്കാരെ ഇന്ധനവില വർദ്ധനവ് ബാധിച്ചിട്ടില്ലെന്ന് വകുപ്പു മന്ത്രി പറയുന്നു. എങ്ങനെ ഇത് വിശദീകരിക്കും?

നെബു വർഗ്ഗീസ്, കോട്ടയ്ക്കാട്, കരവൂർ

☹ ***ഈ വിലയ്ക്ക് ഇന്ധനം അടിയ്ക്കുന്നുവർ സാധാരണക്കാരല്ലെന്ന്***

☺ കൊറോണക്കാലത്തെ എന്റെ ജീവിതം ഒന്നു പ്രവചിച്ചു പറയാമോ?

റിജോ ജോൺ, എടപ്പാറ, നെല്ലാട്

☹ ***ഗൃഹവാസം, ധനനഷ്ടം, അസ്സമാധാനം, രോഗഭീതി... ശരിയല്ലേ***

☺ പ്രവാസിയുടെ വോട്ടും പണവും വേണം. ആളെ വേണ്ട എന്നു പറയുന്നത് എന്തനീതിയാണ്

ജോസി സെബാസ്റ്റ്യൻ, കടുത്തുരുത്തി, കോട്ടയം

☹ ***പ്രവാസി പ്രതീക്ഷയാണെങ്കിലും പ്രവാഹമായാൽ പ്രയാസമാണ്.***

☺ കോവിഡ് വന്നശേഷം ആത്മീയ നേതാക്കളെ ഒന്നും കാണാനില്ലല്ലോ.

ജോൺ മേച്ചേരി, ചാമക്കട, കൊല്ലം

☹ ***എല്ലാവരും നെഗറ്റീവായി അറയിൽ സുഖചികിത്സയിലാണ്.***

☺ സ്ത്രീയെ സൃഷ്ടിച്ചതുകൊണ്ടല്ലേ ഭൂമിയിൽ പാപം ഉണ്ടായത്.

കെ.എം.ഏലിയാസ്, കൊച്ചുകോയിക്കൽ, സീതത്തോട്, പത്തനംതിട്ട

☹ ***പാപത്തിനൊരു സ്കോപ്പുണ്ടായത് എന്നുവേണേൽ പറയാം.***

☺ ആത്മീയ നേതാക്കന്മാരുടെ യഥാർത്ഥ നിലപാട്

ജെസി പാലയ്ക്കൻ, നടക്കാവ്, ഉദയംപേരൂർ, എറണാകുളം

☹ ***സദ്യയ്ക്കു മുന്നിലും പടയ്ക്കു പിന്നിലും***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally